| ക്രമ നം. | ഫണ്ട് | സുലേഖ പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യപത്രിക (RP7) പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യപത്രിക (I6) പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് - ജനറൽ | 18066676 | 14941378 | 18066676 |
| 2 | വികസന ഫണ്ട്- SCP | 10396535 | 9764182 | 10396535 |
| 3 | തനതു ഫണ്ട് | 10725061 | 17812297 | 17812297 |
| 4 | ബ്ലോക്ക് പഞ്ചായത്തു വിഹിതം | 1278371 | 1272000 | 1272000 |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (32/10.11.2021) മറുപടി ലഭ്യമായില്ല.

## 1-4 പദ്ധതി അവലോകനം

നാവായിക്കുളം ഗ്രാമ പഞ്ചായത്തിൽ 2019-20 ൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | ശതമാനം |
|---|---|---|---|---|---|---|
| 211 | 17,13,89,444 | 111 | 8,85,16,749 | 34 | 82 | 39 |

പദ്ധതി അടങ്കൽ തുകയായി വകയിരുത്തിയ തുകയുടെ 51.64% മാത്രമാണ് ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കാനായത്.

ആകെ 89 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം അംഗീകാരം ലഭ്യമാക്കിയിരുന്നതെങ്കിലും 27 പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്. 2 പദ്ധതികൾ ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.ഒരു പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആകെ 4,12,90,820/- രൂപ വകയിരുത്തിയതിൽ 1,00,33,528/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. പദ്ധതി ചെലവ് ശതമാനം 24.29% മാത്രമാണ്.

ഹെഡ്മിസ്ട്രസ് 6 പദ്ധതികൾ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 2 പദ്ധതി മാത്രമാണ് പൂർത്തീകരിച്ചത്. ഒരു പദ്ധതി ഭാഗികമായി നടപ്പിലാക്കി. ആകെ 12,18,250/- രൂപ വകയിരുത്തിയതിൽ 1,02,850/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. പദ്ധതി ചെലവ് ശതമാനം 8.4% മാത്രമാണ്.

അസിസ്റ്റന്റ് സെക്രട്ടറി 14 പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 5 പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചത്.ഒരു പദ്ധതി ഭാഗികമായി നടപ്പിലാക്കി. ആകെ 81,79,840/- രൂപ വകയിരുത്തിയതിൽ 11,08,356/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. പദ്ധതി ചെലവ് ശതമാനം 13.53% മാത്രമാണ്.

വെറ്ററിനറി സർജൻ 8 പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 2 എണ്ണം മാത്രമാണ് പൂർത്തീകരിച്ചത്. 6 എണ്ണം ഭാഗികമായി നടപ്പാക്കി. ചെലവ് ശതമാനം 34.4% ആണ്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സെക്രട്ടറി, കൃഷി ഓഫീസർ, അസി. എഞ്ചിനീയർ, അസി. സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2019-20ൽ അംഗീകാരം ലഭിച്ച 19 സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല.

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 426 | 244880 |
| കർഷകതൊഴിലാളി പെൻഷൻ | 901 | 2367600 |
| വിധവാ പെൻഷൻ | 4935 | 13009200 |
| വാർദ്ധക്യകാല പെൻഷൻ | 10833 | 28780500 |
| വികലാംഗ പെൻഷൻ | 1440 | 4013900 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 32 | 960000 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 53 | 130200 |

## 1-5-1 സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകതകൾ

2019-2020 സാമ്പത്തിക സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള പെൻഷൻ അപേക്ഷ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളിൽ , 2019-20 വർഷം ലഭിച്ച അപേക്ഷകളുടെ തുടർ നടപടികളുമായി ബന്ധപ്പെട്ട്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിരുമാനതീയ്യതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയ്യതി, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയ്യതി, പെൻഷൻ അനുവദിച്ചുവോ / നിരസിച്ചുവോ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അപേക്ഷകൾ കൈകാര്യം ചെയ്തതിലെ സുതാര്യതയും കൃത്യതയും പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററുകൾ അപാകത മൂലം ഓഡിറ്റിനു ആധികാരിമായി ആശ്രയിക്കാനായില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (49/12.11.2021) രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതാണെന്ന മറുപടി നൽകി.

രജിസ്റ്ററുകൾ കാലികമാക്കി ഉടനെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. മരണ രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്തിരിക്കുന്നു. ലഭ്യമായ മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളിൽ ആദ്യ 50 പേരുടെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പട്ടികയായി ചേർത്തിരിക്കുന്ന വ്യക്തികൾക്ക് മരണശേഷവും പെൻഷൻ വിതരണം ചെയ്തിരിക്കുന്നു.

| ക്രമ നം. | പേര് | മരണം നടന്ന തീയതി | പെൻഷൻ/പെൻഷൻ ഐഡി | പ്രതിമാസ പെൻഷൻ തുക | അധികമായി നൽകിയ കാലയളവ് | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | സുധാകരനാശാരി | 17/12/2018 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ 102380201602 | 1600 | Dec 2018-July 2019 | 9200 |
| 2 | ഷെരീഫാ ബീവി | 01/01/2019 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ 102380203161 | 1600 | Jan 2019-April 2019 | 7500 |
| 3 | എസ് വാസുദേവൻ | 06/01/2019 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ 102380200897 | 1600 | Jan 2019- April 2019 | 7500 |
| 4 | വൽസല | 28/03/2019 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 102380601224 | 1600 | April 2018-November 2018 | 8800 |
| 5 | അബ്ദുൾഖാദർ | 27/01/2019 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ 102380203505 | 1600 | January 2019-July 2019 | 4800 |
| 6 | കെ സദാശിവൻ | 25/10/2018 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ 102380201692 | 1600 | Oct 2018-November2018 | 3000 |

| | | | | | | |
|---|---|---|---|---|---|---|
| 7 | മറിയം ബീവി | 02/04/2019 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ<br>102380200111 | 1600 | April 2019- July 2019 | 6000 |
| 8 | അവ്വ അമ്മാൾ | 10/03/2019 | കർഷക തൊഴിലാളി പെൻഷൻ<br>102380100311 | 1600 | March 2019- July 2019 | 5840 |
| 9 | ഗീതാകുമാർ | 28/02/2019 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ<br>102380601761 | 1600 | March 2019- April 2019 | 2240 |
| 10 | രാജമ്മ | 24/02/2019 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ<br>102380200820 | 1600 | March 2019- April 2019 | 3000 |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (49/12.11.2021) മറുപടി മരണം രജിസ്റ്റർ ചെയ്യുന്ന സോഫ്റ്റ് വെയറും സേവനാ പെൻഷൻ സോഫ്റ്റ് വെയറും തമ്മിൽ ലിങ്ക് ചെയ്യാത്തതിനാൽ യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാൻ സാധിച്ചില്ല എന്നും മരണപ്പെട്ടവരുടെ അവകാശികൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവ തിരിച്ചടയ്ക്കുവാൻ കത്ത് നൽകുന്നതാണെന്നും നൽകി.

പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. മരണ രജിസ്ട്രേഷൻ സമയത്ത് തന്നെ പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന വ്യക്തിയാണോയെന്നും അപ്രകാരമുള്ള വ്യക്തിയാണെങ്കിൽ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതുമാണ്. ഇപ്രകാരം അപാകത സംഭവിച്ചത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്.

ഇപ്രകാരം അനർഹമായി നൽകിയ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തി പ്രസ്തുത തുക സോഷ്യൽ സെക്യൂരിറ്റി അക്കൗണ്ടിലേക്ക് തിരികെ അടച്ച വിവരങ്ങൾ വിശദാംശങ്ങളോടൊപ്പം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. വാർഷികധനകാര്യ പത്രിക പ്രകാരമുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ | എ.എഫ്.എസ് പ്രകാരം വിതരണം ചെയ്ത തുക | അപാകത |
|---|---|---|---|
| 1 | Unemployment Allowance Scheme | 155160.00 | ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ വിതരണം ചെയ്തിരിക്കുന്ന തുക 244880.00 രൂപയാണ്. |
| 2 | National Old Age Pension | 20502600.00 | ഡിബിറ്റി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക എ. എഫ് .എസുമായി പൊരുത്തപ്പെടുന്നില്ല. |
| 3 | Pension For Agricultural Works | 1713600.00 | |
| 4 | Destitute/ Widow Pension | 1022400.00 | |
| 5 | Pension For Unmarried Women Aged Above 50 | 99000.00 | |
| 6 | Pension For Physically Challenged / Mentally Chellenged | 2874100.00 | |
| 7 | Financial Help For Marriage To WidoW'S Daughters | വിവരങ്ങൾ എ.എഫ് എസിൽ ലഭ്യമല്ല | ഫയൽ പരിശോധിച്ചതിൽ 1380000.00 രൂപയുടെ അനുമതി ജില്ലാ കളക്ടറിൽ നിന്നും സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്. |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (49/12.11.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,314/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

1)ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2) സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല.

3) അസി.എഞ്ചിനീയർ, അസി,സെക്രട്ടറി, എച്ച്.എം., വെറ്ററിനറി സർജൻ എന്നീ നിർവ്വഹണോദ്യോഗസ്ഥർ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയില്ല.

4) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. പെൻഷൻ വിതരണ രജിസ്റ്ററുകളൊന്നും ആധികാരികമല്ല.

5) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. രജിസ്റ്ററുകളൊന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

6) പഞ്ചായത്തിൽ വാങ്ങുന്ന വിവിധ ഉപകരണങ്ങളുടെയും മറ്റു സാധനസാമഗ്രികളുടെയും സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. തന്മൂലം ഓരോ വർഷവും ആവശ്യകതയെപ്പറ്റി യാതൊരു ധാരണയുമില്ലാതെ ഫർണിച്ചർ, തെരുവുവിളക്ക് ഉപകരണങ്ങൾ മുതലായവ വാങ്ങുകയാണ് ചെയ്യുന്നത്. വിതരണവിവരങ്ങളും വ്യക്തമല്ല. ഓഫീസിൽ ഉള്ള സാധനങ്ങളുടെ എണ്ണം പോലും ആർക്കും നിശ്ചയമില്ലാത്ത അവസ്ഥ മാറിയേ തീരൂ.

7) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8) ബഡ്സ് സ്കൂളിലേക്കായി വൻതുകകൾ വെലവഴിച്ച് സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിലും അത് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. വാങ്ങി സ്റ്റോക്കിലെടുത്ത പല സാധനങ്ങളും ഭൗതിക പരിശോധനയിൽ സ്ഥാപനത്തിൽ കണ്ടെത്താനുമായിട്ടില്ല.

9)പ്രൊക്വയർമെന്റ് കമ്മിറ്റി സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്നില്ല.

10)എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

11)ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ പലതും ഡി & ഒ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

12)ഓഡിറ്റ് റിക്വസിഷൻ പ്രകാരം ആവശ്യപ്പെട്ടിട്ടും സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

13)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 189868 | 1308724 | 1498592 | 1488153 | 9439 * |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35238000 | 35238000 | 36726153 | 0 |
| ആകെ | | | | | |

* വരവ്, ചെലവ് എന്നിവ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.(വ്യത്യാസം 1000.00 രൂപ). അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി (40/11.11.2021) ലഭ്യമാക്കിയില്ല.

## 1-8-1 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MGNREGS) –അവലോകനം

പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ MGNREGS തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2019-20 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 292 |
| 2019-20 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2565 |
| 2019-20 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2385 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 0 |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 198 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 85 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 22 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 22 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1108 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 206 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 206 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 123025 |
| ലേബർ കംബോണന്റ് | 35819181 |
| ആകെ വരവ് | 65028982 |
| ആകെ ചെലവ് | 6520941155 |

ലേബർ ബഡ്ജറ്റ് പ്രകാരം 1108 പദ്ധതികൾ ചെയ്യാൻ ഉദ്ദേശിച്ചിരുന്നെങ്കിലും വെറും 206 എണ്ണം മാത്രമാണ് സാങ്കേതിക അനുമതി ലഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ ആകെയുള്ള 198 അയൽക്കൂട്ടങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നത് 85 എണ്ണമാണ്. കൂടാതെ തൻവർഷം ആകെ സൃഷ്ടിച്ചിട്ടുള്ള തൊഴിൽ ദിനങ്ങൾ 123025 മാത്രമാണ്. കുടുംബങ്ങൾക്ക് 100 ദിവസം തികച്ച് തൊഴിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ കൂടുതൽ പദ്ധതികൾക്കു സാങ്കേതിക അനുമതി ലഭ്യമാക്കി കൂടുതൽ അയൽക്കൂട്ടങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.2021-26.02.2021 | 06/19, 07/19 | ലഭ്യമല്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.07.2017 മുതൽ 22.07.2017 വരെ | 2013-14 മുതൽ 2016-17 വരെ | 23.08.2017 |

## 1-10 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/09.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 18 റേഷൻകടകൾ പ്രവർത്തിക്കുന്നതായും അവ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല എന്ന വിവരവും അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11-1 ജീവനക്കാരുടെ തൊഴിൽ നികുതി - പൂർണമായി ഈടാക്കിയിട്ടില്ല

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൻവർഷത്തെ തൊഴിൽ നികുതി പൂർണമായും അടച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒടുക്കുവാൻ ബാക്കിയുള്ളത് |
|---|---|---|
| 1 | റുമീസ ഫ്യൂൽസ്, നാവായിക്കുളം | ഒന്നാം പകുതി തൊഴിൽ നികുതി |
| 2 | ഹോട്ടൽ ന്യൂ ഇന്ദ്രപ്രസ്ഥ | രണ്ടാം പകുതി തൊഴിൽ നികുതി |

റുമീസ ഫ്യൂൽസിന് കത്ത് നൽകിയിട്ടുണ്ടെന്നും ഹോട്ടൽ ന്യൂ ഇന്ദ്രപ്രസ്ഥ 2019-20 വർഷത്തെ തൊഴിൽ നികുതി അരിയർ ആയി ഒടുക്കിയുട്ടെണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.53) മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഒടുക്കു വിശദാംശം ലഭ്യമാക്കിയിട്ടില്ല. കത്ത് നൽകിയ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതും അരിയർ ആയി തൊഴിൽ നികുതി ഒടുക്കിയതും സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-11-2 സ്ഥാപന തൊഴിൽ നികുതി - കുടിശ്ശിക ഈടാക്കിയിട്ടില്ല

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കുവാൻ ബാക്കിയുള്ളത് 10,000 രൂപയാണ്. കുടിശ്ശികയുടെ ഒടുക്കു വിവരം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.53) ലഭ്യമാക്കിയ മറുപടി പ്രകാരം 5 സ്ഥാപനങ്ങൾ കുടിശ്ശിക തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായും ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായും പറഞ്ഞിട്ടുണ്ട്. സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒടുക്കുവാൻ ബാക്കിയുള്ളത് |
|---|---|---|
| 1 | സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, കല്ലമ്പലം | രണ്ടാം പകുതി സ്ഥാപന തൊഴിൽ നികുതി |
| 2 | മൈക്രോ ഫിനാൻസ് ലിമിറ്റഡ് | രണ്ടാം പകുതി തൊഴിൽ നികുതി |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം പകുതി തൊഴിൽ നികുതി |

തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നുവെങ്കിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനം ലഭ്യമാക്കിയ കരാറുകാരുടെ ലിസ്റ്റ് പ്രകാരം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള താഴെപ്പറയുന്ന 9 കരാറുകാരിൽ നിന്നും 2019-20 വർഷം തൊഴിൽ

നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് | വീട്ടുപേര് |
|---|---|---|
| 1 | വിനീഷ്.വി | വിനീഷ് ഭവൻ |
| 2 | ആർ.രവീന്ദ്രക്കുറുപ്പ് | നടവിൽ വീട് |
| 3 | ഗിരീഷ് കുമാർ | നന്ദനം |
| 4 | നാദർഷാൻ | പുതുവൽ വിള പുത്തൻ വീട് |
| 5 | രാജേന്ദ്ര ബാബു | ചന്ദ്രഭവനം |
| 6 | വിഷ്ണു.ബി.എച്ച് | പദ്മവിലാസം |
| 7 | നസറുദ്ദീൻ | കടയിൽ വീട് |
| 8 | സാജൻ.ബി | സാഗരി |
| 9 | സുനിൽകുമാർ | അലങ്കാരത്തിൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.16/09.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാർ നാളിതുവരെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലായെന്നും നികുതി ഒടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-11-4 തൊഴിൽ നികുതി നോട്ടീസ് നൽകുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ച വ്യാപാരസ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 205പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി,

| ക്രമ നം. | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | സ്ഥാപനം | ജീവനക്കാർ |
|---|---|---|---|---|
| 1 | 16/64 B,C,D,E | എ.മോഹൻദാസ് | ധന്യ സൂപ്പർമാർക്കറ്റ് | 11 |
| 2 | 12/291 | ഷമീർ ദാവൂദ് | ഇൻഡ്യാന മോട്ടോഴ്സ് | 8 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 56/12.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ധന്യ സൂപ്പർമാർക്കറ്റിന് കത്ത് നൽകിയിട്ടും തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെന്നും ഇൻഡ്യാന മോട്ടോഴ്സിനോട് 2021-22 ഒന്നാം പകുതി മുതലുള്ള തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നോട്ടീസ് നൽകിയിട്ടും തൊഴിൽ നികുതി ഒടുക്കാത്തപക്ഷം പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതും ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ പരിശോധന നടത്തേണ്ടതുമാണ്.

## 1-12 വസ്തുനികുതി - 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്സ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ)സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 1/481A | സുമിന, പൊയ്കയിൽ വീട്, കെട്ടിടം ജംഗ്ഷൻ |
| 2 | 3/500 | വിജയമ്മ, ചരുവിള പുത്തൻവീട്, ഇടമൺനില |
| 3 | 4/113A | ആരതി, ബിന്ദുവിലാസം, മരുതികുന്ന് |
| 4 | 4/470B | എം.ഇബ്രാഹിം കുഞ്ഞ്, ഷമ്മികോട്ടേജ്, മരുതികുന്ന് |
| 5 | 4/559A | ലളിത, ചരുവിളപുത്തൻവീട്, മുല്ലനല്ലൂർ |
| 6 | 9/85B | ശാന്തമ്മ, കുറ്റിക്കാട്ടു വീട്, കുടവൂർ |
| 7 | 9/556A | റഫീലബീവി, കരിക്കകത്തിൽ വീട്, കുടവൂർ |
| 8 | 10/244A | നസീമാ ബീവി, ജാസ്മിൻ, ജിൻസ, ദാറുൽ ഹുദ, കോട്ടറക്കോണം |
| 9 | 10/422A | വിമല, കുന്നംപുറത്ത് ചരുവിളപുത്തൻവീട്, കോട്ടറക്കോണം |
| 10 | 15/217A | വിജുകുമാർ, പ്രിയ ഭവൻ, നാവായിക്കുളം |
| 11 | 16/64 | ശാന്ത, കുന്നുവിള വീട്, നാവായിക്കുളം |
| 12 | 17/130 | കെ ബാബു, ബി.പി ഭവൻ, പറകുന്ന് |
| 13 | 18/147A | സുധ, എള്ളുവിളവീട്, ചാവർകോട് |
| 14 | 18/325A | സുനിൽ.പി, സുചിത്ര ഭവൻ, ചാവർകോട് |
| 15 | 19/608a | ശാന്തകുമാരി, ആര്യഭവൻ, ചാവർകോട് |
| 16 | 21/410B | രാധാ ഭായി, വിളയിൽ വീട്, വെട്ടിയറ |
| 17 | 22/171B | രതീഷ്, ആദിത്യാലയം, വാഴവിള |
| 18 | 22/449A | അബ്ദുൾ ഖരീം, എ.എസ് മൻസിൽ, കുന്നുവിള |

ബി)മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 1/119A | സുജ, ആര്യ ഭവൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 2 | 1/552 | അനിൽകുമാർ, സിന്ധു, ശ്രീശങ്കരം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 2/45A | കൗസല്യ, പടത്തൻപറ വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 3/338B | ലീജ, വേടൻവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 5 | 3/568A | തുളസി, കണ്ണംകോണം ചരുവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 3/581 | പ്രകാശ്, പ്രീതാഭവൻ | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 3/616B | ലിസി, ധന്യഭവൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 7/80 | വി.എസ്.സുലത, കൊച്ചുക്കാട്ടിൽ വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 7/169A | സോഫിദാബിവി, പറണ്ടവിള വീട് | 2008 രണ്ടാം അർദ്ധ വർഷം മുതൽ |
| 10 | 8/294A | പ്രശാന്ത്, പുത്തൻവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 11 | 8/450 | നസീലബീവി, ചരുവിള പുത്തൻവീട് | 1993 ഒന്നാം അർദ്ധ വർഷം മുതൽ |
| 12 | 9/448 | സതി, രോഹിണിഭവൻ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 13 | 9/543 | നജ്ജുമുന്നിസ,ആല്യംമൂട്ടിൽ വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 14 | 10/57D | ഉഷ, പണയിൽ വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 15 | 10/197A | ഗിരിജ, വട്ടവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 16 | 11/387 | ജാസ്മിൻ, ജാസ്മിൻ മൻസിൽ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 17 | 11/394 | സുധർമണി, കാവുവിള പുത്തൻവീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 18 | 16/64 | ശാന്ത, കുന്നവിള വീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 19 | 17/255 | ഷറഫുദ്ദീൻ, പ്രയറീസ് , അമ്മംക്കോണം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 20 | 20/423A | രജിഷ, റാസി മൻസിൽ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 21 | 20/446 | പ്രദീപ്കുമാർ, പ്രീസവിലാസം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 22 | 21/202A | ഗിരിജകുമാരി, കൃഷ്ണ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 23 | 21/378A | ഉമൈബാബീവി, തടത്തരികത്തുവീട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 24 | 21/545B | എസ്.ശ്രീകണ്ഠൻ നായർ, ഭാർഗ്ഗവി സദനം | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 25 | 22/432A | ശ്രീനാഥ്, അറഫ മൻസിൽ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 34/11.11.2021 ന് നൽകിയ മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സത്യവാങ്മൂലം അറ്റാച്ച് ചെയ്താണ് വ്യക്തികൾ അപേക്ഷ സമർപ്പിക്കുന്നതെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നികുതി ഒഴിവാക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാലാണ് സത്യവാങ്മൂലം നമ്പർ പ്രത്യേകമായി സഞ്ചയയിൽ എൻട്രി വരുത്താത്തത് എന്ന മറുപടി തൃപ്തികരമല്ല. കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചതു സംബന്ധിച്ച അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13 വസ്തുനികുതി -റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2019-20 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡ്/കെട്ടിട നം. | പേര് | റദ്ദാക്കിയ സാംഖ്യ രസീത് നം./തീ | തുക |
|---|---|---|---|
| 19/17 | ദീപു | 119030102777/29.07.19 | 49 |
| 6/641 | ബി.പ്രഥി രാജൻ, ബിന്ദു.റ്റി | 119030103893/04.10.19 | 341 |
| 1/582 | തജ്ജമോൾ.ആർ | 119030104520/25.10.19 | 10 |
| 1/582 | തജ്ജമോൾ.ആർ | 119030104521/25.10.19 | 10 |
| 4/415 B | സഫീറാബീവി | 119030104654/28.10.19 | 2955 |
| 4/415 C | സഫീറാബീവി | 119030104655/28.10.19 | 1452 |
| 4/415 D | സഫീറാബീവി | 119030104656/28.10.19 | 2621 |

| | | | |
|---|---|---|---|
| 19/451 A | സരസ്വതി അമ്മ | 119030105324/08.11.19 | 197 |
| 21/16 | പ്രഭാകരൻ നായർ | 119030105998/25.10.19 | 1890 |
| 1/102 | ഹരീഷ് | 119030107523/10.01.20 | 90 |
| 1/102 | ഹരീഷ് | 119030107524/10.01.20 | 90 |
| 18/87 | വിമല, ശശിലേഖ | 119030108317/11.02.20 | 52 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/12.11.2021) സഞ്ചയ സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറു മൂലമാണ് അപാകത സംഭവിച്ചതെന്നും ഐകെഎം മായി ബന്ധപ്പെട്ട് സമയബന്ധിതമായി പരിഹരിച്ച് മറുപടി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത അപാകത സംഭവിച്ച സഞ്ചയയിലെ മുഴുവൻ എൻട്രികളും കണ്ടെത്തി ഉടനെ റസീപ്റ്റ് വിവരങ്ങൾ കാലികമാക്കേണ്ടതാണ്. ഇപ്രകാരം വസ്തുനികുതിയിനത്തിൽ ലഭ്യമാകേണ്ട തുകകൾ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി പുതിയ റസീപ്റ്റ് വിവരങ്ങൾ സഞ്ചയയിൽ നൽകി അപാകതകൾ പരിഹരിച്ച റിപ്പോർട്ട് കൃത്യമായ റസീപ്റ്റ് വിവരങ്ങളടക്കം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വരുംവർഷങ്ങളിൽ പ്രസ്തുത അപാകത സംഭവിക്കാതെ എൻട്രികൾ കാലികമാക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും സെക്രട്ടറിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-14 ഭവന പുനരുദ്ധാരണം പദ്ധതി സംബന്ധിച്ച അപാകതകൾ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സർക്കിൾ 1 നിർവ്വഹണം നടത്തിയ ഭവന പുനരുദ്ധാരണം പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 58/2019-20 - ഭവന പുനരുദ്ധാരണം (ജനറൽ) - ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ രേഖകൾ പൂർണമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | അപാകത |
|---|---|---|
| 1 | ആബിദ ബീവി, പുളിമൂട്ടിൽ വീട്, കടവൂർ | റഫ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല |
| 2 | രാധാമണി, രാജ് ഭവൻ, ഊത്തൻപാറ | റഫ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല |
| 3 | സുഭദ്ര അമ്മ, സരിത ഭവൻ, ഇടമൺനില | റഫ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല |
| 4 | രത്നവല്ലി, രത്നവിലാസം, ചിറ്റായിക്കോട് | കരാർ പൂരിപ്പിച്ചിട്ടില്ല |
| 5 | അംബിക, രാജേഷ് മന്ദിരം, ചാവർകോട് | കരാർ പൂരിപ്പിച്ചിട്ടില്ല |
| 6 | സീതാലക്ഷ്മി, അനിൽ നിവാസ്, നാവായിക്കുളം | കരാർ പൂരിപ്പിച്ചിട്ടില്ല |
| 7 | നസീമ, പറങ്കിമാംവിള വീട്, വെട്ടിയറ | കരാർ പൂരിപ്പിച്ചിട്ടില്ല |
| 8 | ലിസി, വലിയവിള വീട്, ചിറ്റായിക്കോട് | മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 9 | സിന്ധു, ചരുവിള വീട്, വെട്ടിയറ | മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 10 | ബിജി.ബി, വിളയിൽ വീട്, പറകുന്ന് | കരാർ പൂരിപ്പിച്ചിട്ടില്ല |

| | | |
|---|---|---|
| 11 | ബാലൻപിള്ള, വയലിറക്കത്ത് വീട്, നാവായിക്കുളം | മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 12 | ഓമനയമ്മ, കനകമന്ദിരം, പാരിപ്പള്ളി | കരാർ പൂരിപ്പിച്ചിട്ടില്ല |
| 13 | അഫീറാബീവി, നബീസ മൻസിൽ | കരാർ പൂരിപ്പിച്ചിട്ടില്ല |
| 14 | ഷൈല, വിളയിൽ വീട് | കരാർ പൂരിപ്പിച്ചിട്ടില്ല |
| 15 | ലൈലാബീവി, പുന്നവിളവീട് | കരാർ പൂരിപ്പിച്ചിട്ടില്ല. റഫ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല |
| 16 | ജയ.ആർ, ആഴാന്തവിള | കരാർ പൂരിപ്പിച്ചിട്ടില്ല |
| 17 | സുനിത, ശിവൻ ഭവൻ | കരാർ പൂരിപ്പിച്ചിട്ടില്ല |
| 18 | ജഗദമ്മ, കൊരണ്ടിവിളാകം | കരാർ പൂരിപ്പിച്ചിട്ടില്ല |
| 19 | ബേബി, സിനി വിലാസം | കരാർ പൂരിപ്പിച്ചിട്ടില്ല. റഫ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല |
| 20 | നൂർജി, പുതുവൽവിള പുത്തൻ വീട് | കരാർ പൂരിപ്പിച്ചിട്ടില്ല |
| 21 | തുളസീഭായി അമ്മ, പുതുവൽവിള പുത്തൻ വീട് | കരാർ പൂരിപ്പിച്ചിട്ടില്ല |

2. പ്രോജക്ട് നം. 229/2019-20 - ഭവന പുനരുദ്ധാരണം (എസ്.സി.പി) - ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ സമർപ്പിച്ചിരിക്കുന്ന കരാറിൽ ഒപ്പു മാത്രമാണ് ഉള്ളത്. കരാർ പൂരിപ്പിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം |
|---|---|
| 1 | കുമാരി, പുന്നവിള വീട് |
| 2 | ഗോപാലൻ, പടത്തൻപാറ വീട് |
| 3 | മഞ്ജു, അശ്വതി ഭവൻ |
| 4 | കുമാരി, ചരുവിള വീട് |
| 5 | അമ്മുക്കുട്ടി, പടത്തൻപാറ വീട് |
| 6 | സാവിത്രി, ചരുവിള പുത്തൻ വീട് |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/11.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ റഫ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല എന്ന വിഷയത്തിൽ ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന് സബ്സിഡി തുക കൈമാറിയത് എന്നും മറ്റ് അപാകതകൾ പരിഹരിക്കാമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.7.6 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തന്നെ തയ്യാറാക്കണം. ആയത് പാലിച്ചിട്ടില്ല. സബ്സിഡി തുക അനുവദിക്കുന്നതിനാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കേണ്ടത്. അതിനാൽ മറുപടി തൃപ്തികരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മാത്രം പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

## 1-15 ലൈഫ് ഭവന പദ്ധതി സംബന്ധിച്ച അപാകതകൾ

സ്പിൽ ഓവർ പ്രോജക്ട് നം. 227/20 – ലൈഫ് ഭവന പദ്ധതി (ജനറൽ) 2018-19

സ്പിൽ ഓവർ പ്രോജക്ട് നം. 228/20 - ലൈഫ് ഭവന പദ്ധതി (എസ്.സി.പി) 2018-19

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സർക്കിൾ 1 നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ നിന്നുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. പൊതുവായ അപാകതകൾ - ചില ഗുണഭോക്താക്കളുടെ,

എ. സബ്സിഡി തുക അനുവദിക്കുന്നതിനു വേണ്ടിയുള്ള സ്റ്റേജ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി. കരാർ, സമ്മതപത്രം എന്നിവ പൂരിപ്പിച്ചിട്ടില്ല.

2. സ്പിൽ ഓവർ പ്രോജക്ട് നം. 228/20 - ലൈഫ് ഭവന പദ്ധതി (എസ്സിപി) 2018-19 ൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തിയായിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | ഇതുവരെ നൽകിയ തുക |
|---|---|---|
| 1 | സുനിത, പൂർണതം ഹൗസ് (കാട്ടിൽ വീട്) | 3,00,000 |
| 2 | തുളസി, രേഷ്മ ഭവൻ, ചാവർകോട് | 3,60,000 |

മേൽ വ്യക്തികൾക്ക് 3 തവണ നോട്ടീസ് നൽകിയതായി പ്രോജക്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/11.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽവാങ്ങിയ തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് ഗുണഭോക്താക്കളെ അറിയിച്ചിട്ടുണ്ടെന്നും അവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ഗുണഭോക്താക്കൾ ഒപ്പിട്ട് സമർപ്പിച്ചിരിക്കുന്ന കരാറിലെ നിബന്ധന പ്രകാരം (സുനിത എന്നയാളുടെ കരാർ പൂരിപ്പിച്ചിട്ടില്ല) കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കണമെന്നിരിക്കെ നോട്ടീസ് നൽകിയതിനു ശേഷവും അത് പാലിക്കാത്തത് ശരിയായ നടപടിയല്ല. ടി സാഹചര്യത്തിൽ ഭവന നിർമ്മാണത്തിനായി മേൽ വ്യക്തികൾക്ക് ഇതുവരെ അനുവദിച്ച് നൽകിയ തുക എത്രയും വേഗം തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ച് ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതുമാണ്.

2019-20 വർഷത്തെ ഡി & ഒ രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ തൻവർഷം പുതുതായി ആരംഭിച്ച ജീവ സ്പർശം ആയുവേദ ആശുപത്രി, പഞ്ചകർമ്മ ക്ലീനിക്ക് പ്രവർത്തിക്കുന്നതിനായി A7-110/18.06.2019 പ്രകാരം ലൈസൻസ് അനുവദിച്ചിരിക്കുന്നു. എന്നാൽ 2019-20 വർഷത്തെ സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ രജിസ്റ്ററിൽ പ്രസ്തുത സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകിയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. അതിനാൽ മേൽ സ്ഥാപനത്തിന് രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങളും സ്ഥാപനത്തിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽകരം ഈടാക്കിയതു സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.28/10.11.2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകിയതു സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം വകുപ്പ് 266, 1999ലെ കേരള പഞ്ചായത്തിരാജ്(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2019-20 വർഷത്തെ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം സ്ഥാപനങ്ങളൊന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. ഡി & ഒ രജിസ്റ്റർ, ലൈസൻസിനുള്ള അപേക്ഷ എന്നിവ പരിശോധിച്ചതിൽ പുതുതായി ആരംഭിക്കുന്ന Lucidtate Online Tuition സെന്ററിന്റെ ഓഫീസ് പ്രവർത്തിക്കുന്നതിനായി A7-239/24.10.2019 പ്രകാരം ലൈസൻസ് അനുവദിച്ചിരിക്കുന്നതായി കാണുന്നു.

പ്രസ്തുത സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് ഫോറം 1 പ്രകാരമുള്ള അപേക്ഷ നൽകിയിട്ടുണ്ടോയെന്നും സ്ഥാപനത്തിന് രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടോയെന്നും സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.

27/10.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽകരം ഈടാക്കിയതു സംബന്ധിച്ച വിവരങ്ങളും നൽകിയിട്ടില്ല. മേൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തിയില്ല

അസിസ്റ്റന്റ് എൻജിനീയർ 2019-20 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) 74540/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് ഇതുവരെയും തിരികെ ലഭ്യമായിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/11.11.2021) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-19 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

എ) 2019-20 വർഷത്തെ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ചില അപേക്ഷകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സമയപരിധിക്കുള്ളിൽ തന്നെയാണോ അപേക്ഷ നൽകിയത് എന്ന് പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

2. ലൈസൻസ് ഫീ കുടിശ്ശിക ഒടുക്കുന്നതു സംബന്ധിച്ച രേഖകൾ ഫയലിനോടൊപ്പം ചേർത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) കെട്ടിട നം. 9/338- എസ് എസ് റബ്ബർ ട്രേഡേഴ്സ് എന്ന സ്ഥാപനം 2017-18, 2018-19 വർഷങ്ങളിലെ ലൈസൻസ് ഫീ ഒടുക്കിയിട്ടില്ല എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കുടിശ്ശിക ഒടുക്കിയതു സംബന്ധിച്ച രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

ബി) ലൈസൻസ് നം. A7-1881/19- സ്റ്റേഷനറി ചില്ലറ വ്യാപാരം എന്ന സ്ഥാപനം 2018-19 വർഷത്തെ ലൈസൻസ് ഫീ കുടിശ്ശിക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

3. അവശ്യ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നില്ല. ചില അപേക്ഷകളോടൊപ്പം പിഎച്ച്സിയിൽ നിന്നുള്ള സാനിറ്റേഷൻ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. പല അപേക്ഷകളോടൊപ്പവും 2018-19 ലെ സർട്ടിഫിക്കറ്റാണ് നൽകിയിട്ടുള്ളത്.

4. 2019-20 വർഷം നൽകുന്ന ലൈസൻസിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. പകരം അപേക്ഷയോടൊപ്പം ഹാജരാക്കുന്ന 2018-19 ലെ ലൈസൻസിന്റെ പകർപ്പ് മാത്രമാണ് ഉള്ളത്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 46/12.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസിനുള്ള അപേക്ഷ ലഭിക്കുമ്പോൾ തീയതി, അവശ്യ രേഖകൾ എന്നിവ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും അപ്രകാരമല്ലാത്ത അപേക്ഷകൾ നിരസിക്കേണ്ടതുമാണ്. കൂടാതെ ലൈസൻസ് ഫീ ഒടുക്കുന്നതിന്റെ രേഖകൾ, നൽകുന്ന ലൈസൻസിന്റെ പകർപ്പ് എന്നിവ കൂടി ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
ബി) ട്രേഡേഴ്സ് ലിസ്റ്റ് പൂർണമല്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ടെങ്കിലും അത് പൂർണമല്ല. ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ, ഡി & ഒ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | A7-87/19-20 | ഷാജി, മാടൻവിള വീട് | പ്രൊവിഷൻ സ്റ്റോർ |
| 2 | A7-159/19-20 | പ്രകാശ്.എസ്, പ്രകാശ് മന്ദിരം | പലചരക്ക് ചില്ലറ വിൽപന |
| 3 | A7-160/19-20 | ത്യാഗരാജൻ, രാജ് ഭവൻ, കുളമട | രാജ് കൺവെൻഷൻ സെന്റർ |
| 4 | A7-164/19-20 | ഷാജഹാൻ, സുമി മൻസിൽ | ന്യൂ ഗ്ലാസ് എംബോറിയം |
| 5 | A7-166/19-20 | തുളസീധരൻ നായർ, പുന്നതേവീട് | പ്രണവ് ഹോട്ടൽ & റ്റീഷോപ്പ് |

| | | | |
|---|---|---|---|
| 6 | A7-168/19-20 | സജി.എം.എസ്, ശ്രീചന്ദ്ര | ഫോട്ടോ ഫ്രെയിമിംഗ് |
| 7 | A7-170/19-20 | ബിസ്മില്ല, സൽമാൻ മൻസിൽ | ഈ-മാക്സ് ജനസേവനകേന്ദ്രം |
| 8 | A7-173/19-20 | നസ്‌ലി.എസ്, എസ്എ മൻസിൽ | സൂപ്പർ മാർക്കറ്റ് |
| 9 | A7-175/19-20 | സലീന, ഷെരീഫ് മൻസിൽ | ബേക്കറി സാധനങ്ങൾ തയ്യാറാക്കുന്ന സ്ഥാപനം |
| 10 | A7-183/19-20 | കഹാർ, കുഴിവിള പുത്തൻവീട് | രാജകുമാരി ഗോഡൗൺ |
| 11 | A7-185/19-20 | ഹാരിസ്, ഷാഫിദ മൻസിൽ | അലിഫ് സ്റ്റോർ |
| 12 | A7-195/19-20 | ശരത്.എസ്, കൊളുവിള പുത്തൻവീട് | എച്ച്ആർ സൊലൂഷൻസ് |
| 13 | A7-201/19-20 | ഷാനവാസ്, ഷാനവാസ് മൻസിൽ | എസ്എൻ ബേക്കറി |
| 14 | A7-203/19-20 | സുരേഷ് ലാൽ, സുനി വിലാസം | ശ്രീഹരി സ്റ്റേഷനറീസ് |
| 15 | A7-205/19-20 | നിഷാദ്.എസ്, കുന്നുവിള വീട് | ഗ്രീൻ ഇന്റീരിയേഴ്സ് & ഡെവലപ്പേഴ്സ് |
| 16 | A7-208/19-20 | സുനിൽ കുമാർ.എസ്, പൗർണമി | ശ്രീവിനായക സ്റ്റേഷനറി |
| 17 | A7-215/19-20 | മണികണ്ഠൻ, എംഎം ലാന്റ് | ഫാഷൻ ഹെയർ ഡ്രസ്സിംഗ് |
| 18 | A7-217/19-20 | മണികണ്ഠൻ പിള്ള, നന്ദനം | ബഡ്ജറ്റ് ഹോം |
| 19 | A7-226/19-20 | യഹിയ യൂസഫ്, യഹിയ മൻസിൽ | അൽഫാ മാർബിൾസ് |
| 20 | A7-227/19-20 | ഷാബു, സോപാനം | ഷാ അലുമിനിയം ഫാബ്രിക്കേഷൻ |
| 21 | A7-231/19-20 | പ്രദീപ്, കൃഷ്ണപുരി | ശിവ ട്രേഡേഴ്സ് |
| 22 | A7-236/19-20 | നജീം.എസ്, സജീർ മൻസിൽ | ദുബായ് ബേക്ക് ഹൗസ് |
| 23 | A7-240/19-20 | ബദറുദ്ദീൻ, ഷാൻ മൻസിൽ | ബി.കെ സ്റ്റോഴ്സ് |
| 24 | A7-259/19-20 | സിമി, സീനാഭവൻ | ആമി സ്റ്റോഴ്സ് |
| 25 | A7-261/19-20 | സുരേഷ് കുമാർ, ഐശ്വര്യ | ഐഷ്മി ഫാഷൻസ് |
| 26 | A7-267/19-20 | ജോജി, ചരുവിള വീട് | തൃപ്തി ഷോപ്പിംഗ് സെന്റർ |
| 27 | A7-269/19-20 | സമി.എ, സുബർത്താം | തുണിക്കട വ്യാപാരം |
| 28 | A7-437/19-20 | നസീർ.എസ്, നാസർ മൻസിൽ | എസ്എൻ ഏജൻസീസ് |
| 29 | A7-627/19-20 | നാസർ.എസ്, നസീം ലാന്റ് | സാബാ ബേക്കറി |

സി) ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിലെ സ്ഥാപനങ്ങൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2019-20 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | I/183 C | ശോഭനൻ, തിരുവോണം | തിരുവോണം സ്റ്റോർ |
| 2 | I/587 A | ജാസ്മിൻ, എ.എസ് മന്ദിരം | ജെ.എസ് സൗണ്ട്സ് & ലൈറ്റ്സ് |
| 3 | I/259A | മണിലാൽ, ചരുവിള പുത്തൻവീട് | ലാൽ ഇൻഡസ്ട്രീസ് |
| 4 | I/150, 151 | ശശിധരൻ, പുത്തൂരം | സ്പാർക്ക് ഫാഷൻസ് |
| 5 | I/151 B | സിമി, സിമി ഭവൻ | സിമന്റ് കട |
| 6 | II/218 | ഉദയകുമാർ, കളിയിൽ വീട് | തയ്യൽ കട |
| 7 | II/254 A | നിസാറുദ്ദീൻ, റയാൻ | റയാൻ വെൽഡിംഗ്സ് |
| 8 | II/328 | ഇസ്മയിൽ, ജാസ്മിൻ മൻസിൽ | എൽഎസ് സ്റ്റോർ |
| 9 | II/370 | രാജൻ/നീന, നീതു ഭവൻ | വിളയിൽ സ്റ്റോർ |
| 10 | II/267 A | റിയാസ്, മാവിള പുത്തൻ വീട് | പുത്തൻവിളയിൽ റബ്ബർ ഏജൻസീസ് |

| | | | |
|---|---|---|---|
| 11 | IV/616 | സാബു ജേക്കബ്, കിഴക്കതിൽ വീട് | എസ്എം റബ്ബർ ട്രേഡേഴ്സ് |
| 12 | IV/228 A | അജികുമാർ, ദ്വാരക | ഇഞ്ചിനിയറിംഗ് വർക്സ് |
| 13 | VII/458 | ശിവപ്രസാദ്, തിരുവാതിര | എ.എസ് ടെയിലറിംഗ് |
| 14 | VII/42 | സഫീർ ഖാൻ, ആലുവിള ഹൗസ് | ആലുവിള സ്റ്റോർ |
| 15 | VII/459 | അബ്ദുൾ സമദ്, ജാഫർ മൻസിൽ | ഫിദ സ്റ്റോർ |
| 16 | VII/580 | ഷാജി, വിളയിൽ വീട് | ഷാജി സ്റ്റോർ |
| 17 | VIII/7 | നസീർ, താന്നിമോട് ഹൗസ് | റോഷ്ന റബ്ബർ ട്രേഡേഴ്സ് |
| 18 | VIII/122 | സലാഹുദ്ദീൻ, സലീം മൻസിൽ | എ.കെ സ്റ്റോർ |
| 19 | IX/212 | ഹാരിസ്, ഹസ്ന മൻസിൽ | തസ്നിമോൾ ടിംബേഴ്സ് |
| 20 | X/285 | മുഹമ്മദ് കണ്ണ്, കരവായിക്കോണം | അലുമിനിയം ഷോപ്പ് |
| 21 | X/471 | നബീസത്ത് ബീവി, കാലാപുറത്ത് വീട് | ചായക്കട |
| 22 | X/145 A | ദൽജിത്ത്, പുളിയറക്കോണത്ത് വീട് | സ്റ്റേഷനറിക്കട |
| 23 | X/133 | ഷിബു, ബി.എസ് കോട്ടേജ് | ബി.എസ് ബ്രിക്സ് |
| 24 | XI/265 C,D,E,F | കഹാർ, കുഴിവിള പുത്തൻവീട് | രാജകുമാരി ബോർമ |
| 25 | XI/108 | നസീർ, ഷാഹിൽ കോട്ടേജ് | സ്റ്റാർ ഇലക്ട്രിക്കൽസ് |
| 26 | XI/577 A | ജമാൽ കുഞ്ഞ്, പറങ്കിമാംവിള വീട് | പലചരക്ക് വ്യാപാരം |
| 27 | XI/582 | നൗഷാദ്, പ്ലാവിള വീട് | പലചരക്ക് കട |
| 28 | XI/23 | പ്രേമരാജൻ, അനിഴം | അനിഴം റബ്ബർ ട്രേഡേഴ്സ് |
| 29 | XII/441 | മുഹമ്മദ് നസീർ, സി.വി ഹൗസ് | ഗ്യാസ് ബുക്കിംഗ് ഹൗസ് |
| 30 | XIII/538 | ഗിരിശേഖർ, രാധാകൃഷ്ണ വിലാസം | സേവ കമ്മ്യൂണിക്കേഷൻസ് |
| 31 | XIII/458 | പ്രദീപ്, പ്രതിഭ | സ്റ്റാർ മെഡിക്കൽസ് |
| 32 | XIII/280, 281 | അനിത.സി, ശ്രീശങ്കരം | ലോർഡ് ഏജൻസീസ് |
| 33 | XIII/328 | സൈനുല്ലാബ്ദീൻ, കെ.കെ വില്ല | കാർ കെയർ സർവ്വീസ് |
| 34 | XIII/676 A | ശാന്തമ്മ, കടയിൽ വീട് | നിതിൻ കൂൾബാർ |
| 35 | XV/374 | ശോഭാവിജയൻ, പ്രണവം | സ്റ്റേഷനറി & ബേക്കറി |
| 36 | XV/374 A | വിജയകുമാർ, വിജയ് ഭവൻ | സ്റ്റേഷനറി |
| 37 | XV/108 To 110 | രാജി.എസ്, മേലേ പ്ലാവിള വീട് | മംഗലത്ത് കാഷ്യൂസ് |
| 38 | XVI/476 | മാജിതാബീവി, ബിസ്മി ഹൗസ് | റഹ്മസ് ഓയിൽ മിൽ |
| 39 | XVI/160 | ജാസിം, വിളയിൽ വീട് | വിളയിൽ സ്റ്റോർ |
| 40 | XVII/225 | ഷെരിഫുദ്ദീൻ, ഷമീർ മൻസിൽ | മറിയം ബേക്കറി |
| 41 | XVII/166 | ഹാഷിറുദ്ദീൻ, ബിസ്മില്ല | ബിസ്മി ട്രേഡേഴ്സ് |
| 42 | XVIII/170 | അശോക് കുമാർ, കൈലാസം | പലചരക്ക് വ്യാപാരം |
| 43 | XVIII/288 A | മഹരിഫ ബീവി, ഹാരിഷ് മൻസിൽ | മുട്ടക്കോഴി വളർത്തൽ |
| 44 | XIX/365 | സുധീര ഫസിലുദ്ദീൻ, ഫറസ് വില്ല | ഫുട്‌വെയർ സ്റ്റോർ |
| 45 | XIX/406 | സ്വാമിനാഥൻ ആചാരി, ലക്ഷ്മി നിവാസ് | അമ്മ ബേക്കറി |
| 46 | XIX/372 | നൗഷാദ്, റാഹത്ത് മൻസിൽ | സ്റ്റേഷനറിക്കട |
| 47 | XIX/388 | വിക്രമൻ ഉണ്ണിത്താൻ, രോഹിണി | വിഷ്ണു ഭവൻ |
| 48 | XX/226 | വിജയകുമാരൻ നായർ, വി.എസ് ഭവൻ | തടിക്കട |
| 49 | XX/240 To 243 | ശ്രീലത, ഭരത് കാഷ്യൂ ഫാക്ടറി | കശുവണ്ടി സംസ്കരണം |
| 50 | XX/447 A | ലതാകുമാരി അമ്മ, പുതുവീട് | പൂജാസാധനങ്ങൾ വിൽപന |
| 51 | XXI/548 AB | കൃഷ്ണദാസ്, ദാസ് മന്ദിരം | ഇലക്ട്രിക്കൽ കട |
| 52 | XXI/4 | അബ്ദുൽ സമദ്, അസീം മൻസിൽ | സ്റ്റേഷനറി |
| 53 | XXI/7 To 14 | രവീന്ദ്രൻ നായർ, പ്രതാപ് കാഷ്യൂ ഫാക്ടറി | കശുവണ്ടി സംസ്കരണം |

| | | | |
|---|---|---|---|
| 54 | XXI/549 | മോഹനൻ പിള്ള, എം.എസ് ഭവൻ | മഞ്ജു സ്റ്റേഷനറി |
| 55 | XXI/307 A | അജിശിവജി, പൂജ | ശിവജി ബേക്കറി |
| 56 | XXII/116 | നസ്റത്ത് ഖാൻ, തൻസീർ മൻസിൽ | പ്രണവ് ഹോട്ടൽ |
| 57 | XXII/124 | രവീന്ദ്രൻ പിള്ള, മിനർവ | വിനീത് ഫ്ലവർ മിൽ |
| 58 | XXII/274 | സുരേഷ് കുമാർ, നന്ദനം | സുരേഷ് അപ്ഹോൾസറി |
| 59 | XXII/105 A | രഘു.ജി, അനന്തപുരി | മുത്തു ടൂവീലർ വർക്സ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.47/12.11.2021 ന് മറുപടി ലഭ്യമാക്കിയില്ല. 2019-20 ൽ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചിട്ടുള്ള മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർവർഷങ്ങളിലും നിലവിലും പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കേണ്ടതുമാണ്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പൂർണമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 ലേലം-നടപടിക്രമങ്ങളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷത്തെ ലേലം സംബന്ധിച്ച ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലേലരജിസ്റ്റർ പൂർണമല്ല.

2019-20 വർഷത്തേയ്ക്ക് നടത്തിയ എല്ലാ ലേലങ്ങളുടെയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത ഓഡിറ്റ് എൻക്വയറി നം.13/09.11.2021 പ്രകാരം അറിയിച്ചതിനെത്തുടർന്ന് രജിസ്റ്റർ പൂർണമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്

2.2019-20 ലേക്ക് 3 തവണയായി നടന്ന ലേലങ്ങളുമായി ബന്ധപ്പെട്ട ലേലഡയറികളൊന്നും തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലേല ഡയറികൾ പിന്നീട് സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടുണ്ട്.

3. ലേലത്തിൽ പങ്കെടുത്തതും ലേലം അംഗീകരിക്കാത്തതുമായ വ്യക്തികളിൽ ചിലർക്ക് ലേലസമയത്ത് തന്നെ ഇഎംഡി തിരികെ ലഭിച്ചതായി ലേലഡയറിയിൽ ഒപ്പിട്ടിട്ടുണ്ട്. എന്നാൽ എല്ലാ വ്യക്തികൾക്കും ഇഎംഡി തിരികെ നൽകിയതിന് രേഖയില്ല. ബാക്കിയുള്ളവർക്ക് ഇഎംഡി തുക തിരികെ നൽകിയതു സംബന്ധിച്ച വിവരാംശങ്ങൾ ലഭ്യമാക്കുന്നതിന് മേൽ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും അത് ഹാജരാക്കിയിട്ടില്ല. പകരം പഞ്ചായത്തിൽ തുടർന്നു വരുന്ന രീതിയാണ് അറിയിച്ചിരിക്കുന്നത്. അതു പ്രകാരം ഏറ്റവും കൂടിയ ലേലം വിളിച്ച 1, 2 വ്യക്തികളുടെ ഇഎംഡി തുക ഓഫീസിൽ അടയ്ക്കുന്നതാണ് നിലവിലെ രീതി. എന്നാൽ കെ.എഫ്.സി വാല്യം 1 ആർട്ടിക്കിൾ 156 എ പ്രകാരം ലേലം ഉറപ്പിച്ചു നൽകുന്ന ആളുടെയൊഴികെയുള്ള ഇ.എം.ഡി ലേലം കഴിഞ്ഞയുടനെ തിരികെ നൽകേണ്ടതാണ്. ആയതിനാൽ ഇ.എം.ഡി തിരികെ നൽകുന്നതിന് പ്രസ്തുത ആർട്ടിക്കിൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. സോൾവൻസി സർട്ടിഫിക്കറ്റ് കൂടാതെ ലേലതുക തവണകളായി ഒടുക്കിയിരിക്കുന്നു.

21.02.2019, 06.03.2019 തീയതികളിലെ ലേലവുമായി ബന്ധപ്പെട്ട ലേലനിബന്ധന പ്രകാരം ലേലം താത്കാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലത്തുകയുടെ ഒന്നാം പകുതി അപ്പോൾ തന്നെ അടയ്ക്കുകയും പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാലുടൻ മുഴുവൻ തുകയും ഒന്നിച്ച് അടയ്ക്കേണ്ടതുമാണ്. ലേലം അന്തിമമായി അംഗീകരിച്ചത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ച് ഏഴു ദിവസത്തിനുള്ളിൽ 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി എഴുതേണ്ടതും തവണകൾ ആവശ്യമുണ്ടെങ്കിൽ ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർ ലേലത്തുകയുടെ ബാക്കി തുക 30.06.2019, 30.09.2019 എന്നീ തീയതികളിൽ തുല്യ ഗഡുക്കളായി ഒടുക്കേണ്ടതും നിശ്ചിത സമയത്ത് ഒടുക്കാത്ത പക്ഷം 18% പലിശ സഹിതം ഈടാക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷം ലേലംകൊണ്ട ചുവടെ പറയുന്ന വ്യക്തികൾ എല്ലാം തവണകളായിട്ടാണ് ലേലതുക ഒടുക്കിയിരിക്കുന്നതെങ്കിലും ആരും തന്നെ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര്/ വിലാസം | ആകെ ലേല തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | നാവായിക്കുളം പബ്ലിക് മാർക്കറ്റ് | ശ്രീ.റഹീം, നിസാം മൻസിൽ, പറക്കുന്ന് പി.ഒ | 1,00,000 |
| 2 | 28-ാംമൈൽ പബ്ലിക് മാർക്കറ്റ് | ശ്രീ.റഹീം, നിസാം മൻസിൽ, പറക്കുന്ന് പി.ഒ | 13,10,000 |
| 3 | കല്ലമ്പലം പബ്ലിക് മാർക്കറ്റ് | ശ്രീ.സത്യവ്രതൻ, സത്യഭവൻ, കല്ലമ്പലം | 1,00,000 |
| 4 | മാട്ടിറച്ചി വില്പന | ശ്രീ.സജി, സജിൻ നിവാസ്, 28-ാംമൈൽ | 1,72,500 |
| 5 | ആട്ടിറച്ചി വില്പന | ശ്രീ.സജി, സജിൻ നിവാസ്, 28-ാംമൈൽ | 75,000 |

സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ലേലതുക തവണകളായി ഒടുക്കുന്നതിന് അനുമതി നൽകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ക്രമ നം. 1,2 എന്നിവ പ്രകാരം ലേലം കൈക്കൊണ്ട ശ്രീ.റഹീം, നിസാം മൻസിൽ എന്ന വ്യക്തി 200/- രൂപയുടെ മുദ്രപത്രം ലഭ്യമാക്കുകയോ ഉടമ്പടി എഴുതി ഹാജരാക്കുകയോ ചെയ്തിട്ടില്ല. മറ്റ് വ്യക്തികൾ മുദ്രപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഉടമ്പടി എഴുതി ചേർത്തിട്ടില്ല. മേൽ അപാകതയ്ക്ക് നൽകിയ മറുപടി പ്രകാരം സോൾവൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടും ലേലം പിടിച്ചവർ സർട്ടിഫിക്കറ്റ് നൽകാൻ തയ്യാറായില്ല എന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ അപ്രകാരം ലേലതുക തവണകളായി ഒടുക്കുന്നതിന് അനുവദിച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ തുടർന്നുള്ള വർഷങ്ങളിൽ ലേലനിബന്ധന പൂർണമായി പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

5. നിശ്ചിത സമയത്ത് ലേലതുക ഒടുക്കാത്തതിന് പലിശ ഈടാക്കിയിട്ടില്ല.

ലേലനിബന്ധന പ്രകാരം രണ്ടാമത്തെ ഗഡു ഒടുക്കേണ്ടത് 30.06.2019 ന മുൻപാണ്. എന്നാൽ 05.07.2019 ന് തുക ഒടുക്കിയ ചുവടെ ചേർക്കുന്ന വ്യക്തികളിൽ നിന്നും പലിശ ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലേല ഇനം | ലേലംകൊണ്ട വ്യക്തിയുടെ പേര്/ വിലാസം | ആകെ ലേല തുക | രണ്ടാമത്തെ ഗഡു തുക | തുക ഒടുക്കിയ തീയതി |
|---|---|---|---|---|---|
| 1 | നാവായിക്കുളം പബ്ലിക് മാർക്കറ്റ് | ശ്രീ.റഹീം, നിസാം മൻസിൽ, പറക്കുന്ന് പി.ഒ | 1,00,000 | 29,500 (25,000 + ജിഎസ്ടി) | 05.07.2019 |
| 2 | മാട്ടിറച്ചി വില്പന | ശ്രീ.സജി, സജിൻ നിവാസ്, 28-ാംമൈൽ | 1,72,500 | 50,445 (42,750 + ജിഎസ്ടി) | 05.07.2019 |
| 3 | ആട്ടിറച്ചി വില്പന | ശ്രീ.സജി, സജിൻ നിവാസ്, 28-ാംമൈൽ | 75,000 | 22,125 (18,750 + ജിഎസ്ടി) | 05.07.2019 |

പലിശ ഒടുക്കു വരുത്തുന്നതിന് ലേലം പിടിച്ച വ്യക്തികൾക്ക് അടിയന്തിരമായി അറിയിപ്പ് നൽകി തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. 16.03.2019 ൽ നടന്ന ലേലത്തിൽ നാവായിക്കുളം പബ്ലിക് മാർക്കറ്റിന്റെ ലേലം സ്ഥിരപ്പെടുത്തിയത് 1,10,000 രൂപയ്ക്ക് ശ്രീ.അബ്ദുള്ള, കുതിരതടത്തിൽ വീട് എന്ന വ്യക്തയുടെ പേരിലായിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ടിയാൻ ഒഴിഞ്ഞ സ്ഥാനത്താണ് 1,00,000 രൂപയ്ക്ക് ലേലം വിളിച്ചിരുന്ന ശ്രീ.റഹീം, നിസാം മൻസിൽ എന്നയാളിന് നൽകിയത്. തൻമൂലം പഞ്ചായത്തിനുണ്ടായ 10,000 രൂപ നഷ്ടം നികത്തുന്നതിന് ശ്രീ.അബ്ദുള്ള ഒടുക്കിയിട്ടുള്ള ഇഎംഡി തുകയായ 4,000 രൂപ ഇൻസ്റ്റിറ്റ്യൂട്ട് വരവ് ചേർക്കുന്നതായും ബാക്കി 6,000 രൂപ എത്രയും വേഗം ഒടുക്കണമെന്നും 25.03.2019 ലെ A5/2450/19 നം. കത്ത് പ്രകാരം ശ്രീ.അബ്ദുള്ളയെ അറിയിച്ചിട്ടുണ്ട്. എന്നാൽ തുക ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റിനു നൽകിയ മറുപടി പ്രകാരം പ്രസ്തുത തുക നാളിതുവരെ ലഭിച്ചിട്ടില്ല. അടിയന്തിരമായി തുക ഒടുക്കുന്നതിന് കത്ത് നൽകുന്നതാണെന്നും അടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് തുക എത്രയും വേഗം ഈടാക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-21 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും - ഫയൽ സൂക്ഷിപ്പിലെ

## അപാകങ്ങൾ

1) വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു .

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമ്മിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2019-20 വർഷം പെർമിറ്റ് നൽകിയ അപേക്ഷകളിൽ പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയവ കൂടി കഴിഞ്ഞ ഫയലുകൾ കൂടി ഹാജരാക്കാൻ ആവശ്യപ്പെട്ടപ്പോൾ 19 നം. വാർഡിലെ ശ്രീമതി സുധീന, കാരുണ്യം, ചവർകോട്, നാവായിക്കുളം എന്ന വ്യക്തയുടെ ഫയൽ മാത്രമാണ് ലഭ്യമാക്കിയത്. 2019-20 വർഷം പെർമിറ്റ് നൽകിയിട്ടുള്ള ആകെ അപേക്ഷകളിൽ എത്രയെണ്ണത്തിന്റെ പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയവ പൂർത്തിയായിട്ടുണ്ട് എന്ന വിവരം നൽകുന്നതിന് ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 57/12.11.2021 ന് മറുപടി നൽകിയിട്ടില്ല.

2) പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല .

എ) പെർമിറ്റ് ഫീ അടയ്ക്കുന്നത് സംബന്ധിച്ച വിവരങ്ങൾ പൂർണമായി രേഖപ്പെടുത്തുന്നില്ല.

ബി) പെർമിറ്റ് അനുവദിക്കുന്നതു വരെയുള്ള വിവരങ്ങൾ മാത്രമാണ് അപ്പൻഡിക്സ് 1 പ്രകാരമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയവ സംബന്ധിച്ച് രേഖപ്പെടുത്തേണ്ട കോളങ്ങളിൽ പൂരിപ്പിക്കുന്നില്ല.

3) മേഖല അടിസ്ഥാനത്തിൽ മാപ്പ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോയെന്ന വിവരം മേൽ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും നൽകിയിട്ടില്ല.

കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും കൂടി ഒറ്റ ഫയലിൽ കൈകാര്യം ചെയ്യേണ്ടതും പെർമിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. കൂടാതെ നികുതി നിർണയത്തിനുള്ള മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് ഇതുവരെ തയ്യാറാക്കിയിട്ടില്ലെങ്കിൽ എത്രയും വേഗം തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 ക്ഷീര വികസനമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.1951283/- രൂപ തടസ്സം ചെയ്യുന്നു.

2019-2020 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് ഡയറി ഫാം ഇൻസ്ട്രക്ടർ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നമ്പർ/പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 17/2019-2020<br>ക്ഷീര സമൃദ്ധി- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (വനിത) | 1590000.00 | 1000000.00<br>(പൊതുവിഭാഗം സാധാരണ വിഹിതം - 500000.00<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 500000.00) |
| 2 | 18/2019-2020<br>ക്ഷീര സമൃദ്ധി- ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി (ജനറൽ) | 650000.00 | 400000.00<br>(പൊതുവിഭാഗം സാധാരണ വിഹിതം - 200000.00<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 200000.00) |

| | | | |
|---|---|---|---|
| 3 | 214/2019-2020<br>ക്ഷീര സമൃദ്ധി- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (വനിത)(SO) | 562305.00 | 275148.00<br>(പൊതുവിഭാഗം സാധാരണ വിഹിതം - 275148.00) |
| 4 | 278/2019-2020<br>ക്ഷീര സമൃദ്ധി- ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി (ജനറൽ)(SO) | 408933.00 | 276135.00<br>(പൊതുവിഭാഗം സാധാരണ വിഹിതം - 276135.00) |
| ആകെ | | 3211238.00 | 1951283.00 |

പ്രസ്തുത പദ്ധതികൾ സംബന്ധിച്ച ചെലവുരേഖകൾ, ഫയലുകൾ, അനുബന്ധരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല(ഓഡിറ്റ് റിക്വസിഷൻ 04).

ആയതിനാൽ പ്രസ്തുത ചെലവു തുകയായ 1951283.00രൂപ തടസ്സം ചെയ്യുന്നു. ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (രണ്ടാം ഘട്ടം)
പ്രോജക്ട് നമ്പർ - 215/20
അടങ്കൽ തുക -7,00,000/-( ധന.അവാർഡ് തുക)
ചെലവു തുക – 4,37,012/-
ബിൽ നമ്പർ, തുക -11/19-20 തീ. 10.06.19 , 2,87,903/-
ബിൽ നമ്പർ, തുക- 12/19-20 തീ. 15.06.19, 1,4,9019/-
നിർവ്വഹണ ഏജൻസി - കേരള വാട്ടർ അതോറിറ്റി

2019-20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 4,37,012/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും പദ്ധതി പൂർത്തീകരിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (07/08.11.2021) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ടതാണ്.

## 1-24 റോഡ് പ്രവൃത്തികളിൽ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തിൽ 2019-20സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിൽ പോലും ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/11.11.2021)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ- ഭൂരിഭാഗം പ്രവൃത്തികളും നടപ്പാക്കിയില്ല.

നാവായിക്കുളം ഗ്രാമ പഞ്ചായത്തിൽ 2019-20സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം ലഭ്യമാക്കിയ 89 പ്രവൃത്തികളിൽ 30 പ്രവൃത്തികൾ മാത്രമാണ് സുലേഖ ചെലവു പത്രിക പ്രകാരം നിർവ്വഹണം നടത്തിയത്. ഇതിൽ രണ്ട് പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചതും ഒരു പ്രവൃത്തി വാട്ടർ അതോറിറ്റിയിൽ നിക്ഷേപ പ്രവൃത്തിക്ക് തുക കൈമാറുക മാത്രമാണ് ചെയ്തത്. ബാക്കിയുള്ള 50 പ്രവൃത്തികൾക്ക് സുലേഖ ചെലവു പത്രിക പ്രകാരം ചെലവില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 02/11.11.2021) ലഭ്യമാക്കിയ മറുപടിയിൽ ടാറിംഗ് പ്രവൃത്തികൾക്കുള്ള അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം കാരണം ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർ പങ്കെടുക്കാറില്ലെന്നും മാർച്ച് മാസത്തിൽ കോവിഡ് 19 ആരംഭഘട്ടം ആയതിനാൽ

വർക്ക്സൈറ്റിൽ തൊഴിലാളികൾക്ക് എത്താൻ സാധിക്കാതിരുന്നതും കാരണമാണ് പ്രവൃത്തികൾ നടപ്പിലാക്കാൻ കാലതാമസം വന്നതെന്നും അറിയിച്ചു.

## 1-26 ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നാവായിക്കുളം ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (38/11.11.21) 2019-20 സാമ്പത്തിക വർഷം ആർജിച്ച ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തി സോഫ്റ്റ് കോപ്പി തയ്യാറാക്കിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും പരിശോധനാ വേളയിൽ ഹാജരാക്കേണ്ടതുമാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-27 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 4/6.11.2021) മറുപടിയോ അനുബന്ധ രേഖകളോ ഹാജരാക്കിയില്ല. ഭാവിയിൽ മേൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-28 താല്ക്കാലികാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ- സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

2019-20 സാമ്പത്തികവർഷത്തിൽ നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റന്റന്റ്, ക്ലർക്ക് എന്നീ തസ്തികകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രസ്തുത ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ല നിയമനം നടത്തിയിട്ടുള്ളത്. ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തായതിനാൽ ജീവനക്കാരുടെ കുറവു മൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാനായി കമ്മിറ്റി തീരുമാനപ്രകാരം നിയമനം നടത്തി എന്നാണ് ഇതോടനുബന്ധിച്ചുള്ള എൻക്വയറിക്ക് ലഭിച്ച മറുപടി. എന്നാൽ നാളിതുവരെയും ടി ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതനാകുന്ന വ്യക്തിയെ വാർഡുകളിലെ കളക്ഷൻ ജോലികൾ ഉൾപ്പടെ ഏല്പിക്കുവാനും 18.10.19ലെ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

2019 സെപ്റ്റംബർ മാസം മുതൽ പി.എച്ച്.സിയിൽ ഒരു ഡോക്ടറെയും താല്ക്കാലികാടിസ്ഥാനത്തിൽ പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. 51600/-രൂ പ്രതിമാസം ഹോണറേറിയവും നൽകിവരുന്നു. ഈ നിയമനം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 14.08.19ലെ 12(1) നം കമ്മിറ്റി തീരുമാനപ്രകാരം ഇന്റർവ്യൂ നടത്തി നിയമിച്ചു എന്നാണ് എൻക്വയറിക്ക് ലഭിച്ച മറുപടി. ഇന്റർവ്യൂ ആര് നടത്തിയെന്നോ നിയമിതനായ വ്യക്തിക്ക് നിശ്ചിതയോഗ്യതയുണ്ടോ എന്നതൊന്നും വ്യക്തമല്ല. 29.06.20 മുതൽ ആരോഗ്യവകുപ്പിൽ നിന്നും രണ്ട് ഡോക്ടർമാർ താല്ക്കാലികാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചതായി മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത നിയമനം തുടർന്നുവരുന്നുണ്ട്.

സ.ഉ(സാധാ)3526/17/ത.സ്വ.ഭ.വ തീയതി 01.11.17 പ്രകാരം ശ്രീമതി അഖില, വിജി ഭവൻ, വെട്ടിയറ പി.ഒ എന്നയാളെ പ്രതിമാസം 5000/-രൂ ഹോണറേറിയം നൽകി പ്ലാൻ ഫെസിലിറ്റേറ്റർ ആയി നിയമിച്ചിട്ടുണ്ട്. എന്നാൽ ടിയാളുടെ ചുമതലകളെന്തൊക്കെ, ഹാജർ വിവരങ്ങൾ എന്നിവ സംബന്ധിച്ച അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ, മെഡിക്കൽ രംഗത്തെ ഗൗരവതരമായ തസ്തികകളിലേതുൾപ്പടെ നടത്തുന്ന വ്യക്തമായ കരാർ പോലും ചമയ്ക്കാതെയുള്ള കരാർ നിയമനങ്ങൾ പഞ്ചായത്തിനെ ദോഷകരമായി ബാധിക്കാതിരിക്കാൻ അധികാരികൾ ജാഗ്രത പുലർത്തേണ്ടതാണ്. പ്രസ്തുത അപാകങ്ങൾ വരുംവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല – 92,149/- രൂ തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. - SO 211/19-20

പ്രോജക്ട് - ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ

ബിൽ നം./തുക - I) 12/26.02.20 3,50,825/- രൂ (മെയിന്റനൻസ് ഗ്രാന്റ് -NR)

Ii) 2/07.05.19 1,49,172/- രൂ

പ്രസ്തുത പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്. എന്നാൽ, വാങ്ങിയ സാധനങ്ങളൊന്നും ഒരു സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഫർണിച്ചർ കൈപ്പറ്റിയതായി ഘടകസ്ഥാപനമേധാവികൾ നൽകിയ ചില കൈപ്പറ്റുരസീതുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിൻപ്രകാരം വാങ്ങിയതും വിതരണം ചെയ്തതുമായ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./തീയതി | ഇനം | വാങ്ങിയ എണ്ണം | വിതരണം ചെയ്ത എണ്ണം | നിരക്ക് | വിതരണം ചെയ്യാത്തവയുടെ വില |
|---|---|---|---|---|---|
| VO13/16.08.19 & VO14/29.08.19 | Desk | 50 | 48 | 2473.95 | 4947.90 |
| | Bench | 50 | 50 | 2179.83 | |
| | Rack Acacia Wood | 10 | 5 | 4155.46 | 20777.30 |
| | Table Acacia Wood | 5 | 5 | 4113.45 | |
| V136/22.03.19 | Steel Almirah | 10 | 6 | 7579.66 | 30318.64 |
| | Office Revolving Chair | 3 | 2 | 3808.42 | 3808.42 |
| V138/22.03.19 | Office Chair Teakwood | 10 | - | 2194.92 | 21949.20 |
| | Plastic Arm Chair | 50 | 20 | 344.92 | 10347.60 |
| ആകെ | | | | | 92149.06 |

വാങ്ങിയതും വിതരണം നടത്തിയതുമായ എണ്ണത്തിലെ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വ്യത്യാസം വിശദീകരിക്കാൻ കഴിയാത്തതിനാൽ 92,149/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 രേഖകൾ ഹാജരാക്കിയില്ല – 15,79,600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2019-20വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി എസ്,സി,പി ഫണ്ടിൽ നിന്നും 15,79,600/-രൂ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ടി പദ്ധതിയോടനുബന്ധിച്ചുള്ള ഫയൽ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആകയാൽ, പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 വൗച്ചറുകളുടെ പരിശോധന – തെളിവിനാധാരമായ രേഖകൾ ലഭ്യമല്ല - 41500/- രൂപ തടസ്സപ്പെടുത്തുന്നു.

I) വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ കന്നുകാലികളെ വാങ്ങുന്നതിനുള്ള വിവിധ പ്രോജക്ടുകളോടനുബന്ധിച്ച് ഗുണമേന്മയുള്ള കന്നുകാലികളെ കണ്ടെത്തി വാങ്ങുന്നതിനായി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും അതിലെ അംഗങ്ങൾ കമ്പം, തേനി, മാട്ടുപ്പെട്ടി എന്നിവിടങ്ങളിലെ ഫാമുകൾ സന്ദർശിച്ച് പ്രസ്തുത ചുമതല നിറവേറ്റുന്നതിനായി വൗച്ചർ നം 21900252 മുഖേന

10,000/-രൂ നൽകിയിട്ടുമുണ്ട്. കൈപ്പറ്റരസീത്, യാത്ര ചെയ്തതായുള്ള രേഖകൾ ഇവയൊന്നും ഫയലിൽ ലഭ്യമല്ല. വെറ്ററിനറി സർജൻ നടപ്പിലാക്കിയ ഒരു പ്രോജക്ടിലും ടി സ്ഥലങ്ങളിൽ നിന്ന് കന്നുകാലികളെയൊന്നും വാങ്ങിയിട്ടുമില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് നിരാകരിക്കുന്നു.

ii)വൗച്ചർ നം. 21900703/03.01.20 പ്രകാരം വിവിധ പ്രിന്റിംഗ് ജോലികൾക്കായി 'നേതാജി പ്രിന്റേഴ്സ്' എന്ന സ്ഥാപനത്തിന് 27000/-രൂ നൽകിയിട്ടുണ്ട്. എന്നാൽ പ്രിന്റിംഗ് ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. പ്രിന്റ് ചെയ്ത ഇനങ്ങളിൽ 'പാലിയേറ്റിവ് കെയർ കുടുംബസംഗമം-സംഭാവന രസീത്' എന്ന പേരിൽ 3 രസീതുബുക്കുകളും ഉൾപ്പെടുന്നു. ഇതിൻപ്രകാരം പിരിവ് നടത്തിയിട്ടുണ്ടോ എന്നും മറ്റുമുള്ള വിവരങ്ങൾ ലഭ്യമല്ല. കൂടാതെ, “ORDER-Rameeza Fuels” എന്ന തലക്കെട്ടോടുകൂടി 10രസീതുബുക്കുകളും അച്ചടിച്ചിട്ടുണ്ട്. പെട്രോൾ/ഡീസൽ മുതലായ ഇനങ്ങൾക്ക് ഓർഡർ നൽകുന്നതിനായി ഒരു സ്വകാര്യസ്ഥാപനത്തിന്റെ പേരിൽ ഇൻഡന്റ് അച്ചടിച്ചതിന്റെ കാരണവും വ്യക്തമല്ല. ആകയാൽ, പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

iii) വൗച്ചർ നം. 21900882 പ്രകാരം 04.02.2020, 05.02.2020 എന്നീ ദിവസങ്ങളിൽ ഭിന്നശേഷി ഗ്രാമസഭ ചേർന്നതായി കാണിച്ച് 4500/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ, പ്രത്യേക ഗ്രാമസഭകളുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ ഈ ദിവസങ്ങളിൽ ഗ്രാമസഭ ചേർന്നതായി രേഖയില്ല. ഇക്കാരണത്താൽ 4500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 തെരുവുവിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

I) അടാട്ട് മാതൃകയിൽ പദ്ധതി നിർവ്വഹണം - വ്യവസ്ഥകളൊന്നും പാലിക്കപ്പെടുന്നില്ല.

പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ശ്രീ മനോജ്, N.S ലാന്റ്, മരുതിക്കുന്ന് എന്ന വ്യക്തിയെ ഇലക്ട്രീഷ്യനായി 18.08.18 മുതൽ നിയമിച്ചിട്ടുണ്ട്. (നിയമന ഫയൽ ലഭ്യമാക്കിയിട്ടില്ല). പദ്ധതിക്കായി വാഹനം ഉപയോഗിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ മനോജ് കുറഞ്ഞ തുകയായ 1000/-രൂ ക്വോട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെ ഇന്റർവ്യൂവിന് ക്ഷണിച്ചു എന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ടിയാന് നിശ്ചിതയോഗ്യതയുണ്ടോ എന്ന വിവരം പരിശോധിക്കാനായിട്ടില്ല. വ്യവസ്ഥകൾ സൂചിപ്പിച്ചുകൊണ്ടുള്ള ഒരു കരാറും ചമച്ചിട്ടില്ല. ഒന്നും എഴുതിച്ചേർക്കാത്ത ഒരു മുദ്രപ്പത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഇതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തെരുവുവിളക്ക് പരിപാലനത്തിന് പഞ്ചായത്ത് അടാട്ട് മാതൃക സ്വീകരിച്ചിട്ടുള്ളതിനാലാണ് കരാർ നിയമനം നടത്തിയത് എന്നാണ് മറുപടി. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പഞ്ചായത്ത് ഡയറക്ടർ 17.08.2015ൽ പുറപ്പെടുവിച്ച ജി2-44274/15 നം. ഉത്തരവിലെ വ്യവസ്ഥകളിൽ ടി നിയമനം ഒഴികെ ബാക്കിയൊന്നും സ്ഥാപനം പാലിച്ചുകാണുന്നില്ല. അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർപ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. എന്നാൽ, തെരുവുവിളക്കിനെപ്പറ്റിയുള്ള പരാതി സ്വീകരിക്കുന്നതിനുള്ള യാതൊരു സംവിധാനവും പഞ്ചായത്തിലില്ല.

വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കേണ്ടി വരുമ്പോൾ കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. എന്നാൽ നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ ഇലക്ട്രീഷ്യൻ മാസത്തിൽ 28 ദിവസം വരെ ജോലി ചെയ്തതായി കാണിച്ച് പ്രതിദിനം 1000/-രൂ വാടകയായും നൽകിവരുന്നു.

II) സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 9,66,208/- രൂ ചെലവഴിച്ച് തെരുവുവിളക്ക് മെയിന്റനൻസിനായി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഓരോ ബിൽ പ്രകാരവും വാങ്ങുന്ന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിന്റെ ഓരോ പേജുകളിൽ ചേർക്കുകയാണ് ചെയ്യുന്നത്. ചില ബില്ലുകൾ പ്രകാരം വാങ്ങിയവ മുഴുവനായി ഇലക്ട്രീഷ്യന് കൈമാറിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ശേഷിച്ചവ വിതരണം നടത്തിയതിന് യാതൊരു രേഖയുമില്ല.

അറ്റകുറ്റപണികൾ നിർവ്വഹിച്ചതായി കാണിച്ച് ഇലക്ട്രീഷ്യനും വാർഡ് മെമ്പറും ഒപ്പിട്ട ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകുന്നത്. എന്തെല്ലാം ഉപകരണങ്ങൾ എവിടെയൊക്കെ ഉപയോഗിച്ചു എന്നോ ശേഷിക്കുന്നവ ഏതൊക്കെ എന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഒരു ഗ്രാഹ്യവുമില്ല. ബാക്കി വരുന്ന സാധനങ്ങൾ മെമ്പറുടെ സാന്നിധ്യത്തിൽ തിരികെ വാങ്ങി സൂക്ഷിക്കുന്നതായി എൻക്വയറിക്ക് മറുപടിയായി അറിയിച്ചെങ്കിലും ആയതു സംബന്ധിച്ച ഒരു കണക്കും സ്ഥാപനത്തിൽ ലഭ്യമല്ല. ഓരോ വർഷവും മുൻവർഷത്തെ നീക്കിയിരുപ്പ് കണക്കിലെടുക്കാതെ പുതിയ ഉപകരണങ്ങൾ വാങ്ങുന്ന രീതിയാണ് തുടർന്നുവരുന്നത്.

സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറിയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ നാളിതുവരെ റിവ്യൂ നടത്തിയിട്ടില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പദ്ധതിയുടെ മോണിട്ടറിംഗും നടത്തിക്കാണുന്നില്ല.

പൊതുപണം വലിയ അളവിൽ ചെലവുചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ ഇത്രയും നിരുത്തരവാദപരമായ സമീപനം ആശാസ്യമല്ല. ഇതിലേക്ക് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം. 259/2010/ത.സ്വ.ഭ.വ തീ 08.11.10 പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ്സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥരുടെ വിവിധ പദ്ധതികൾ ടെണ്ടർ നടപടികൾ പാലിച്ച് വാങ്ങാൻ തീരുമാനിച്ച വിവരം മാത്രമാണ് രജിസ്റ്ററിലുള്ളത്. തെരുവുവിളക്ക് ഉപകരണങ്ങളിൽ ചിലത് മാത്രം സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയാണെന്നും ഒരു വർഷ വാറണ്ടിയുള്ളതായും പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്.

പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 അങ്കണവാടി അനുപൂരക പോഷകാഹാര വിതരണ പരിപാടി ചെലവ് രേഖകൾ ഹാജരാക്കിയില്ല -4,35,730.39 രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നമ്പർ : 111/20-പൊതുവിഭാഗം

അടങ്കൽ തുക : 29,00,000/- (വികസന ഫണ്ട്,എസ്.ഡി.പി )

ചെലവ് തുക : 20,00,000/-

(12,00,000/-പ്ലാൻ ഫണ്ട്, 8,00,000/-കേന്ദ്ര ഫണ്ട് )

ബിൽ നമ്പർ, തീയതി, തുക : 3/19-20, 09.08.19,- 5,46,920/-

10/19-20, 02.09.19, - 1,63,671/-

11/19-20, 02.09.19, - 2,30,092/-

13/19-20, 02.09.19, - 2,59,317/-

12,00,000/-

ചെക്ക് നമ്പർ, തീയതി, തുക : 5076132 / 23.10.19 – 1,71,770/-

187756 / 27.02.20 – 1,87,756/-

440474/ 27.02.20 – 4,40,474/-

8,00,000/-

പ്രോജക്റ്റ് പ്രകാരം ചെലവഴിച്ച 20 ലക്ഷം രൂപയിൽ 15,62,269.61 രൂപയുടെ വൗച്ചറുകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ഓഡിറ്റ് എൻക്വയറി നമ്പർ 35/11.11.21ന്റെ മറുപടിയിൽ ചെലവ് രേഖകൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ശേഷിച്ച തുകയായ 4,35,730.39രൂപയുടെ ചെലവ് രേഖകൾ ഹാജരാകുന്നത് വരെ പ്രസ്തുത തുക തടസ്സത്തിൽ വെയ്ക്കുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാകാത്ത പക്ഷം 4,35,730.39 രൂപ ഓഡിറ്റ് നിരാകരിക്കുന്നതും അത് നിർവഹണ ഉദ്യോഗസ്ഥയുടെ വ്യക്തിപരമായ ബാധ്യതയായി മാറുന്നതുമാണ്.

## 1-35 അനുപൂരക പോഷകാഹാര വിതരണ പരിപാടി -സ്റ്റോക്ക് രജിസ്റ്ററുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

അനുപൂരക പോഷകാഹാര വിതരണ പരിപാടിയുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല. ICDS സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററും അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല ഉദാ:-

| അങ്കണവാടി സെന്റർ നമ്പർ | ബിൽ നമ്പർ.13/07.09.19 ICDSസ്റ്റോക്ക് രജിസ്റ്റർ പ്രകാരം അമൃതം ന്യൂട്രിമിക്സ്(kg) | അങ്കണവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അമൃതം ന്യൂട്രിമിക്സ് (Kg) |
|---|---|---|
| 43 | 84.375 | 75 |
| 79 | 57.375 | 48 |
| 54 | 57.5 | 45 |
| 44 | 67.5 | 45 |
| 75 | 40.5 | 54 |

അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്ററിലെ തീയതികളും അളവുകളും ICDS സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിലെ തീയതികളും അളവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അങ്കണവാടികളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ ICDS സൂപ്പർവൈസർ പരിശോധിച്ച് സാക്ഷ്യപെടുത്തുന്നില്ല. ഇതു സംബന്ധിച്ച് എല്ലാ അങ്കണവാടികളിലെയും സ്റ്റോക്ക് രജിസ്റ്റർ ICDS സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററുമായി ഒത്തുനോക്കി വിശദമായ പരിശോധന നടത്തേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-36 ICDS സൂപ്പർവൈസർ ക്യാഷ്ബുക്ക് എഴുതുന്നില്ല -ഗുരുതര കൃത്യവിലോപം

2019-20 ഓഡിറ്റ് പരിശോധനയിൽ നാവായിക്കുളം ICDS സൂപ്പർവൈസർ 01.04.2019 മുതൽ 10.02.2020 വരെയുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു . ജി ഒ (പി) 177/2006 തി 12.04.2006 ലെ ഖ. 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR 7 A ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. ക്യാഷ് ബുക്കിൽ വരവ് ചെലവ് വിവരം രേഖപ്പെടുത്താത്തത് ഗുരുതര കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ 11.02.2020 മുതൽ 31.03.2021 വരെ എഴുതി സൂക്ഷിച്ചിരുന്ന ക്യാഷ്ബുക്ക് ഫോം TR 7A റൂൾ 92Aപ്രകാരമുള്ള രജിസ്റ്ററിലല്ല തയാറാക്കിയിരിക്കുന്നത് .

## 1-37 ബഡ്സ് സ്കൂൾ പദ്ധതി -ഗുരുതര ക്രമക്കേട് -ബില്ലും വിനിയോഗ സാക്ഷ്യപത്രവും പ്രകാരമുള്ള 6,85,969 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നമ്പർ : 232/20

അടങ്കൽ തുക : 25,00,000/- ( സംസ്ഥാനവിഷ്കൃത ഫണ്ട് )

ചെലവ് തുക : 12,50,000/-

ചെക്ക് നമ്പർ, തീയതി, തുക : 5076134/18.11.19, 12,50,000/-

നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന പദ്ധതി ബി തദ്ദേശ സ്വയംഭരണ വകുപ്പ് കുടുംബശ്രീയുടെ കീഴിൽ സ്പെഷ്യൽ സ്കൂളുകളായ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായും തുടങ്ങിയ പ്രോജക്ടാണ്. തദ്ദേശ സ്വയംഭരണ (ഐ.എ.)വകുപ്പ് സ .ഉ .(എം.എസ് )നം.25/2018തസ്വഭവ തിരുവനന്തപുരം ,തീയതി 22/02/2018). പദ്ധതി പ്രകാരം തുക അനുവദിക്കുന്നത് ചുവടെ കൊടുത്തിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ്.

1 .പഠന സാമഗ്രികൾ വാങ്ങുന്നതിന്

2 .ബഡ്സ് സ്ഥാപനം വാടക കെട്ടിടത്തിലാണെങ്കിൽ വാടക അനുവദിക്കുന്നതിന് (പരമാവധി 6 മാസം )

3 .വിദ്യാർത്ഥി സൗഹൃദ മേശയും കസേരയും മറ്റു അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളും വാങ്ങുന്നതിനും

4 .സ്ഥാപനത്തിൽ വിദ്യാർത്ഥി സൗഹൃദ റാംപ് ,റെയിൽ , മുതലായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന്

5 .വിദ്യാർത്ഥികൾക്കുള്ള വിനോദ ഉപാധികളായ ടെലിവിഷൻ,പ്രൊജക്ടർ ,എന്നിവ വാങ്ങുന്നതിന്

6 .ഓഫീസിൽ ആവശ്യത്തിനുള്ള കമ്പ്യൂട്ടർ, പ്രിൻറർ എന്നിവ വാങ്ങുന്നതിന്

7 .തെറാപ്യൂട്ടിക് ഉപകരണങ്ങൾ വാങ്ങുന്നതിന്

8 . സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള തൊഴിൽ,പരിശീലന സാമഗ്രികൾ വാങ്ങുന്നതിന്

പ്രസ്തുത പദ്ധതിയോടനുബന്ധിച്ച നടത്തിയ സ്ഥല പരിശോധനയിൽ തൻവർഷം ICDS സൂപ്പർവൈസർ വാങ്ങിയതായി വിനിയോഗ സാക്ഷ്യപത്രത്തിൽ ചേർത്തിട്ടുള്ള ഉപകരണങ്ങൾ സ്ഥാപനത്തിലും സ്റ്റോക്ക് രജിസ്റ്ററിലും ഇല്ല.

1 .1,08,500രൂപയുടെ തെറാപ്യൂട്ടിക് ഉപകരണങ്ങൾ

2 .2,20,000രൂപയുടെ പഠന സാമഗ്രികൾ

3. ആർട്ട് കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം . മുഖേന വാങ്ങിയിട്ടുള്ള

Perforatory Chair-3 Seater(4 എണ്ണം)സ്കൂളിൽ ഇല്ല. Office Cupboard സ്ഥാപിക്കുന്നതിനായി 3,57,469 /-.രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/11.11.21) നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാനാവില്ല. ഈ ഇനങ്ങളിലായി ചെലവഴിച്ച 6,85,969 (1,08,500+2,20,000+3,57,469)രൂപ (ആറു ലക്ഷത്തി എൺപത്തി അയ്യായിരത്തി തൊള്ളായിരത്തി അറുപത്തി ഒൻപതു രൂപ ) തടസ്സപ്പെടുത്തുന്നു. ഇത്തരം ഗുരുതര ക്രമക്കേടുകൾക്ക് കാരണം നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ മോണിറ്ററിങ് കമ്മിറ്റികൾ കൃത്യമായി പ്രവർത്തിക്കാത്തതാണ്. ആയതിനാൽ പദ്ധതി മാർഗ്ഗ രേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിങ് കമ്മിറ്റി യായി രൂപപ്പെടുകയും സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

## 1-38 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭ്യമാകാൻ കാല താമസം

പദ്ധതി നമ്പർ :57

പദ്ധതിയുടെ പേര്: പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 10,00,000/-

ചെലവ് തുക: 10,00,000/-

ബില്ല് നമ്പർ, തീയതി: 15, 18.11.2019

08.11.2019 ൽ പത്ത് ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 16.09.2020ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായത്.

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| C 4433/2019-20 | 31.10.2019 | 34,000/- |
| C 5851/2019-20 | 16.01.2020 | 2,40,871.50/- |
| C 6197/2019-20 | 01.02.2020 | 68,000/- |
| C 6878/2019-20 | 05.03.2020 | 68,000/- |
| C 7331/2019-20 | 14.03.2020 | 42,239/- |
| C 7330/2019-20 | 14.03.2020 | 75,296.5/- |
| C 965/2020-21 | 02.05.2020 | 84,069/- |
| C 2709/2020-21 | 01.06.2020 | 1,33,970.5/- |
| C 8138/2020-21 | 15.09.2020 | 22,620.5/- |
| C 6513/2020-21 | 13.08.2020 | 1,90,605.5/- |

| | | |
|---|---|---|
| C 8100/2020-21 | 15.09.2020 | 26,232.5/- |
| C 8174/2020-21 | 16.09.2020 | 14,136.5/- |
| ആകെ | | 10,00,041.2/- |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/2019-20, തീയതി: 08.11.2021) മറുപടിയായി നൽകിയത് ഇൻ ഹൗസ് ഡ്രഗ്ഗ് ബാങ്ക് എന്ന സ്ഥാപനത്തിന് മരുന്ന് കമ്പനികളിൽ നിന്നും മരുന്നുകൾ എത്തുന്നതിനുള്ള കാല താമസമാണ് ഇതിന് കാരണമായി അറിയിച്ചത്. സർക്കാർ അംഗീകൃത സ്ഥാപനമായതിനാൽ മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടിരുന്നില്ല എന്നും അറിയിച്ചു. മരുന്ന് വിതരണക്കാരുമായി കരാർ ചമയ്ക്കേണ്ടതും, ജീവൻ രക്ഷാമരുന്നുകൾ താമസംവിനാ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-39 ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് -ചെലവിനനുസൃതമായി തുക വകയിരുത്തേണ്ടതാണ്

പദ്ധതി നമ്പർ :56

പദ്ധതിയുടെ പേര്: ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്

അടങ്കൽ തുക: 25,000/-

ചെലവ് തുക: 8,546/-

ബില്ല് നമ്പർ, തീയതി: 05/22.07.2019 4046/-

13/05.10.2019 1900/-

19/17.12.2019 1300/-

21/11.02.2020 1300/-

പ്രസ്തുത പദ്ധതിക്ക് 25,000/- രൂപ വകയിരുത്തിയെങ്കിലും കേവലം 8546/- രൂപ മാത്രമാണ് ചെലവഴിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/2019-20, തീയതി: 08.11.2021) മറുപടിയായി ബയോ മെഡിക്കൽ മാലിന്യത്തിന്റെ അളവ് മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്തതാണ് കാരണമായി അറിയിച്ചത്. പദ്ധതി രൂപീകരണ വേളയിൽ കൃത്യമായ പഠനം നടത്തി ചെലവിനനുസൃതമായി അടങ്കൽ തുക വകയിരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ഹോമിയോ മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുതിനു കാല താമസം

1. പദ്ധതി നമ്പർ :125

പദ്ധതിയുടെ പേര്: ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 50,000/-

ചെലവ് തുക: 50,000/-

ബില്ല് നമ്പർ, തീയതി: 01/09.10.2019

മേൽ പദ്ധതിയിൽ 10.10.2019 ൽ മരുന്നുകളുടെ വിലയായ 50,000/- രൂപ ഒടുക്കിയിരുന്നുവെങ്കിലും മരുന്നുകൾ ലഭിച്ചത് 23.05.2020 ൽ മാത്രമാണ്.

2. പദ്ധതി നമ്പർ : 126

പദ്ധതിയുടെ പേര്: പ്രതിരോധ മരുന്ന് വാങ്ങൽ

അടങ്കൽ തുക: 50,000/-

ചെലവ് തുക: 50,000/-

ബില്ല് നമ്പർ, തീയതി: 02/15.10.2019

മേൽ പദ്ധതിയിൽ 15.10.2019 ൽ മരുന്നുകളുടെ വിലയായ 50,000/- രൂപ ഒടുക്കിയിരുന്നുവെങ്കിലും മരുന്നുകൾ ലഭിച്ചത് 21.05.2020 ൽ മാത്രമാണ്.

മരുന്ന് വിതരണക്കാരായ ഹോംകോയുമായുള്ള കരാറിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/ 2019-20, തീയതി: 08.11.2021) മറുപടി ലഭ്യമായിട്ടില്ല. ജീവൻ രക്ഷാമരുന്നുകൾ താമസംവിനാ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 ആയുർവേദ മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകുന്നതിനു കാല താമസം

1. പദ്ധതി നമ്പർ : 46/20

പദ്ധതിയുടെ പേര്: ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 10,00,000/-

ചെലവ് തുക: 10,00,000/-

ബില്ല് നമ്പർ, തീയതി: 01/05.07.2019

മേൽ പദ്ധതിയിൽ 05.07.2019 ൽ മരുന്നുകളുടെ വിലയായ 10,00,000/- രൂപ ഒടുക്കിയിരുന്നു. എന്നാൽ ചുവടെ വിവരിക്കും പ്രകാരമാണ് മരുന്നുകൾ ലഭ്യമായിട്ടുള്ളത്.

| ബില്ല് നമ്പർ | തീയതി | തുക | മരുന്ന് ലഭ്യമായ തീയതി |
|---|---|---|---|
| 90122345 | 17.07.2019 | 1,89,479/- | 18.07.2019 |
| 90123814 | 26.07.2019 | 2,48,865/- | 29.07.2019 |
| 90125248 | 31.07.2019 | 1,43,203/- | 06.08.2019 |
| 90129633 | 31.08.2019 | 1,40,007/- | 23.09.2019 |
| 90132875 | 30.09.2019 | 1,76,366/- | 08.10.2019 |
| 90136185 | 29.10.2019 | 63,335/- | 30.10.2019 |
| 90136676 | 30.10.2019 | 14,691/- | 16.11.2019 |
| 90141049 | 29.11.2019 | 24,053/- | 16.01.2020 |
| ആകെ | | 99,99,999/- | |

2. പദ്ധതി നമ്പർ : 47/20

പദ്ധതിയുടെ പേര്: വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വാങ്ങൽ

അടങ്കൽ തുക: 2,00,000/-

ചെലവ് തുക: 2,00,000/-

ബില്ല് നമ്പർ, തീയതി: 04/19.09.2019

മേൽ പദ്ധതിയിൽ 19.09.2019 ൽ മരുന്നുകളുടെ വിലയായ 2,00,000/- രൂപ ഒടുക്കിയിരുന്നു. എന്നാൽ ചുവടെ വിവരിക്കും പ്രകാരമാണ് മരുന്നുകൾ ലഭ്യമായിട്ടുള്ളത്.

| ബില്ല് നമ്പർ | തീയതി | തുക | മരുന്ന് ലഭ്യമായ തീയതി |
|---|---|---|---|
| 90137656 | 31.10.2019 | 54,954/- | 18.11.2019 |
| 90138841 | 11.11.2019 | 14,532/- | 16.11.2019 |
| 90145357 | 31.12.2019 | 12,014/- | 16.01.2020 |
| 90141533 | 29.11.2019 | 1,09,416/- | 23.01.2020 |
| 90153388 | 26.02.2020 | 9,084/- | 18.04.2020 |
| ആകെ | | 2,00,000/- | |

3. പദ്ധതി നമ്പർ :124/20

പദ്ധതിയുടെ പേര്: വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ (എസ്.സി.പി.)

അടങ്കൽ തുക: 1,00,000/-

ചെലവ് തുക: 1,00,000/-

ബില്ല് നമ്പർ, തീയതി: 01/09.10.2019

മേൽ പദ്ധതിയിൽ 09.10.2019 ൽ മരുന്നുകളുടെ വിലയായ 1,00,000/- രൂപ ഒടുക്കിയിരുന്നു. എന്നാൽ ചുവടെ വിവരിക്കും പ്രകാരമാണ് മരുന്നുകൾ ലഭ്യമായിട്ടുള്ളത്.

| ബില്ല് നമ്പർ | തീയതി | തുക | മരുന്ന് ലഭ്യമായ തീയതി |
|---|---|---|---|
| 90154823 | 29.02.2020 | 28,398/- | 15.05.2020 |
| 90158346 | 25.03.2020 | 46,206/- | 18.04.2020 |
| 90159178 | 31.03.2020 | 6,039/- | 18.04.2020 |
| 90167501 | 30.06.2020 | 5,833/- | 02.07.2020 |
| 90173345 | 30.07.2020 | 13,524/- | 07.08.2020 |
| ആകെ | | 1,00,000/- | |

ഔഷധിയുമായി ഏർപ്പെട്ട കരാറിലെ ഒന്നാം ഖണ്ഡികയിലെ നിബന്ധന പ്രകാരം കരാറിലേർപ്പെട്ട് 60 ദിവസത്തിനകം മുഴുവൻ മരുന്നുകളും വിതരണം ചെയ്യുമെന്നും, അല്ലാത്ത പക്ഷം അതിന്റെ നഷ്ടോത്തരവാദിത്തം ഔഷധിക്ക് മാത്രമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കരാറിന് വിരുദ്ധമായി മരുന്നുകൾ വിതരണം ചെയ്ത ഔഷധിക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/09.11.2021 & 25/09.11.2021) മറുപടിയായി നിരവധി തവണ ഫോണിലൂടെയും, കത്തിലൂടെയും ഔഷധിയുമായി ബന്ധപ്പെട്ടിട്ടാണ് മുഴുവൻ മരുന്നുകളും ലഭ്യമായതെന്ന് അറിയിക്കുകയുണ്ടായി. ജീവൻ രക്ഷാമരുന്നുകൾ താമസംവിനാ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അവശ്യ സേവനമായ മരുന്നുകളുടെ വിതരണത്തിന് മുന്തിയ പരിഗണന നൽകി

മരുന്നുകളുടെ ലഭ്യത നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

## 1-42 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - കാലഹരണ തീയതി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തു

പദ്ധതി നമ്പർ : 46/20

പദ്ധതിയുടെ പേര്: ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 10,00,000/-

ചെലവ് തുക: 10,00,000/-

ബില്ല് നമ്പർ, തീയതി: 01/05.07.2019

മേൽ പദ്ധതിയിൽ ഇൻവോയ്സ് നമ്പർ 90129633 തീയതി 31.08.2019 പ്രകാരം ലഭിച്ച പി 6713 ബാച്ചിൽപ്പെട്ട ലഘു സൂത ശേഖര രസം എന്ന മരുന്ന് 100 (700/- രൂപ) എണ്ണം സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഈ മരുന്നിന്റെ കാലഹരണ തീയതി ഫെബ്രുവരി 2020ൽ ആയിരുന്നു. എന്നാൽ മാർച്ച് 2020 വരെ പ്രസ്തുത മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട് (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 222). മാർച്ച് മാസത്തിൽ മാത്രം 40 ബോട്ടിൽ വിതരണം ചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 26 / 2019-20, തീയതി: 09.11.2021 ) മറുപടിയായി നൽകിയത് വിതരണ സമയത്ത് മരുന്നുകളുടെ പായ്ക്കറ്റിന് കേടുപാടുകൾ ഉണ്ടായിരുന്നില്ലെന്നും, മരുന്നുകൾ എത്ര ദിവസം കഴിഞ്ഞാലും കേടാകാതെയിരിക്കുമെന്നുമാണ്. മരുന്ന് പായ്ക്കറ്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാലഹരണ തീയതി അടിസ്ഥാനമാക്കിയാണ് സാധാരണ മരുന്നിന്റെ ഗുണനിലവാരവും, ആയുസ്സും കണക്കാക്കുന്നത്. അതിനാൽ മരുന്ന് പായ്ക്കറ്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാലഹരണ തീയതി കഴിഞ്ഞ് വിതരണം ചെയ്യുന്ന മരുന്നുകൾ സുരക്ഷിതമാണ് എന്ന് പറയുവാൻ കഴിയുകയില്ല. മനുഷ്യന് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാവുന്ന ഇത്തരം കാര്യങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പുലർത്തേണ്ടിയിരുന്നു. ഭാവിയിൽ ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ജാഗ്രത കാട്ടേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-43 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനയോഗവും ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ഇപ്രകാരം ഫണ്ട് പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (19/09.11.2021) മറുപടി ലഭ്യമായില്ല.

സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിച്ചിരിക്കുന്ന ഫണ്ടുകൾ രൂപീകരിക്കുന്നതിലും അവയുടെ വിനിയോഗത്തിലും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നില്ല

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ ത.സ്വ.ഭ.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

ഈ സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. അടിയന്തിര പ്രതികരണ ടീമിന്റെ ( Emergency Response Team) രൂപീകരണം.

2."ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ.

3. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും.

4. ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

പ്രസ്തുത വിവരങ്ങൾ ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (20/09.11.2021) മറുപടി ലഭ്യമായില്ല.

സർക്കാർ ജനക്ഷേമത്തിനു വേണ്ടി നിഷ്കർഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതു ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. അവ സമയാസമയങ്ങളിൽ നടത്തുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-45 കാർഷിക മേഖലയിലെ പദ്ധതികൾ - ലക്ഷ്യം കാണുന്നില്ല. ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല.

കൃഷി ഓഫീസർ 2019-20 ൽ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന സംയുക്ത പ്രോജക്ടുകളിൽ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നുവെങ്കിലും ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ആകെ അടങ്കൽ തുക | ചെലവു തുക | ജില്ലാ പഞ്ചായത്ത് വിഹിതം |
|---|---|---|---|---|
| 9/20 | ജൈവസമൃദ്ധി - തരിശു ഭൂമികൃഷി | 190000 | 67500 | 22500 |
| 13/20 | ഹരിത ഭവനം | 561360 | 115860 | 168000 |

ഓഡിറ്റ് എൻക്വയറി നം.17/09.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായ ഫണ്ട് അപര്യാപ്തത മൂലം ലഭ്യമായില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ബന്ധപ്പെട്ട ഫയലിൽ ജില്ലാ പഞ്ചായത്തിന്റെ വിഹിതം ആവശ്യപ്പെട്ടുള്ള രേഖകൾ ലഭ്യമല്ല. സംയുക്ത പ്രൊജക്റ്റ് നടത്തുമ്പോൾ എല്ലാ ഘടകത്തിന്റെയും വിഹിതം യഥാസമയം ആവശ്യപ്പെടേണ്ടതും മുഴുവൻ ഫണ്ടും ഉപയോഗിച്ച് പദ്ധതികൾ കുറ്റമറ്റ വിധം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ മോണിറ്ററിങ് കമ്മിറ്റികൾ കൃത്യമായി പ്രവർത്തിക്കാത്തതാണ് ഇത്തരം ക്രമക്കേടുകൾക്ക് കാരണം.ആയതിനാൽ പദ്ധതി മാർഗ്ഗ രേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിങ് കമ്മിറ്റിയായി രൂപപ്പെടുകയും സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ മേൽനോട്ടം വഹിക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 467500 | കേദാരം സമഗ്ര നെൽകൃഷി വികസനം | 467500 | 0 |
| ആകെ | 467500 | | 467500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 467500 | കേദാരം സമഗ്ര നെൽകൃഷി വികസനം | 467500 | 0 |
| | 22500 | ജൈവസമൃദ്ധി- തരിശുഭൂമി കൃഷി | 22500 | 0 |
| | 6371 | ലൈഫ് ഭവന നിർമ്മാണ പദ്ധതി | 6371 | 0 |
| | 82000 | സ്നേഹസ്പർശം | 82000 | 0 |
| | 500000 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 500000 | 0 |
| | 200000 | ക്ഷീരസംഘത്തിൽ പാല് അളക്കുന്ന പുരുഷ കർഷകർക്ക് സബ്സിഡി | 200000 | 0 |
| ആകെ | 1278371 | | 1278371 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (രണ്ടാം ഘട്ടം) | 437012 | 0 | 437012 |
| KSEB | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 94141 | 0 | 94141 |
| ആകെ | | 531153 | 0 | 531153 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും

വിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷത്തിൽ ലഭ്യമായ തുക | തൻവർഷത്തിൽ തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ വായ്പ) | 24498849.00 | 14803990.00 | 2691177.00 | 36611662.00 |

വായ്പ സംബന്ധിച്ച വിവരങ്ങളുടെ രജിസ്റ്റർ, ഫയൽ എന്നിവ സൂക്ഷിക്കുന്നില്ല. പട്ടിക വാർഷിക ധനകാര്യപത്രിക ആധാരമാക്കി മാത്രമാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത തുകകൾ സംബന്ധിച്ച ഒരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി 55/12.11.2021). വായ്പ സംബന്ധിച്ച വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. വായ്പ സംബന്ധിച്ച അപാകതകൾ ഖണ്ഡിക 1-2-10 -ൽ ചേർത്തിരിക്കുന്നു.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| സ്ഥിരനിക്ഷേപം- വിവരങ്ങൾ | തുക |
|---|---|
| രസീതു നമ്പർ 037193, കേരളാ ബാങ്ക് കല്ലമ്പലം ശാഖ | 345022.00 * |

* സ്ഥിരനിക്ഷേപം തുകയുടെ പലിശ അതാതു വർഷം IOB Navayikaulam (Own Fund) എന്ന തനതു ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടുകയാണു ചെയ്യുന്നത്. സാമ്പത്തിക വർഷം 25716.00 രൂപ ഇപ്രകാരം അക്കൗണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./ തീ.തി |
|---|---|---|---|---|---|
| 1 | ലഭ്യമല്ല | 1-8 | 25 | ശ്രീമതി മിനി.പി.എസ് | ലഭ്യമല്ല |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 60198036 |
| ഓഡിറ്റ് വർഷത്തെ വരവ് | 114369225 |
| ആകെ | 174567261 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 105127626 |

| | |
|---|---|
| നീക്കിയിരിപ്പ് | 69439635 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4786231.39 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 19,51,283.00 | ആശാ.ബി, ഡയറി ഫാം ഇൻസ്പക്ടർ |
| 1-29 | 92,149.00 | ശ്രീ. ബെൽജീത് ജീവൻ.കെ.എസ്, സെക്രട്ടറി |
| 1-30 | 15,79,600.00 | ശ്രീ. ബെൽജീത് ജീവൻ.കെ.എസ്, സെക്രട്ടറി |
| 1-31 | 41,500.00 | ശ്രീമതി അമ്പിളി, ICDSസൂപ്പർവൈസർ |
| 1-34 | 4,35,730.39 | |
| 1-37 | 6,85,969.00 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1-22 | ആശ.ബി, ഡയറി ഫാം ഇൻസ്പക്ടർ | ലഭ്യമല്ല | വനശങ്കർ വിലാസം, ആറ്റുപുറം, എടത്തറ പി. ഒ |
| 1-29 | ശ്രീ. ബെൽജീത് ജീവൻ.കെ.എസ്, സെക്രട്ടറി | സെക്രട്ടറി, നാവായിക്കുളം ഗ്രാമ പഞ്ചായത്ത് | ദേവി പ്രസാദം, കൊട്ടുവഴന്നൂർ പി.ഒ., തിരുവനന്തപുരം |
| 1-30 | ശ്രീ. ബെൽജീത് ജീവൻ.കെ.എസ്, സെക്രട്ടറി | സെക്രട്ടറി, നാവായിക്കുളം ഗ്രാമ പഞ്ചായത്ത് | ദേവി പ്രസാദം, കൊട്ടുവഴന്നൂർ പി.ഒ., തിരുവനന്തപുരം |
| 134 | ശ്രീമതി അമ്പിളി, ICDSസൂപ്പർവൈസർ | ICDSസൂപ്പർവൈസർ, വെളിനെല്ലൂർ ഗ്രാമ പഞ്ചായത്ത് | വസന്തം, ചാവർകോട്, പാരിപ്പള്ളി.പി.ഒ. |
| 1-37 | ശ്രീമതി അമ്പിളി, ICDSസൂപ്പർവൈസർ | ICDSസൂപ്പർവൈസർ, വെളിനെല്ലൂർ ഗ്രാമ പഞ്ചായത്ത് | വസന്തം, ചാവർകോട്, പാരിപ്പള്ളി.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/1193/2018 | 1 [ 3-2(1)] |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/1193/2018 | 1 (2-3) |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/ 1193/2018 | 7 (2-3,2-4,3-2,3-3,3-5,3-6,3-8) |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/ 1193/2018 | 3 (2-2, 3-2, 3-15) |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/871/2018, 04.06.2018 | 6 (2-2,3-6,3-7,3-8,3-9,3-10) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/871/2018, 04.06.2018 | 3 (3-1,3-3,3-7) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/871/2018, 04.06.2018 | 7 (3-3,3-4,3-5,3-6,3-7,3-9,3-10) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി9/871/2018, 04.06.2018 | 5 (2-1(എ,ബി,സി), 3-2, 3-3, 3-4, 3-5) |
| 2011-12 | എൽ.എഫ്.റ്റി.ജി.ജി.പി.9/891/15, 09.10.15 | 7 |
| 2012-13 | എൽ.എഫ്.റ്റി.ജി.ജി.പി.9/534/14, 14.01.15 | 8 |
| 2013-14 | എൽ.എഫ്.റ്റി.ജി.ജി.പി.9/534/14, 14.01.15 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/1352/15, 19.10.15 | 21 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2067/16, 02.12.16 | 25 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/2035/17, 20.10.17 | 23 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/498/19, 01.10.19 | 19 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.9/9/403/2020, 03.06.2020 | 40 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

എസ്.17/1/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്